22
2026
ഫെബ്രുവരി
ഞായർ
കുംഭം 10

NAUTICAL TIMES
KERALA
The National Daily in Malayalam / English
# നോട്ടിക്കൽ ടൈംസ് കേരള
e-mail: nauticaltimeskerala@gmail.com
RNI.Reg.No.KERBIL/2018/77391




തിരുവനന്തപുരം | Thiruvananthapuram | web: www. nauticaltimesmedia.com | Volume-7, Issue No. 41 Page 4, | Price: Rs. 2 | പുസ്തകം-7 ലക്കം-41 | പേജ് 4. വില 2.00 രൂപ

02 4 മെഡിക്കൽ പിജി സീറ്റുകൾക്ക് എൻഎംസി അനുമതി
03 33 കുട്ടികളെ ലൈംഗികമായി പീഡിപ്പിച്ച യുപി ദമ്പതികൾക്കു വധശിക്ഷ
04 ആറ്റുകാൽ പൊങ്കാല: മുന്നൊരുക്കങ്ങൾ കാര്യക്ഷമമാണെന്ന് മുഖ്യമന്ത്രി

# വോട്ടർ പട്ടിക തീവ്ര പരിഷ്കരണം; അന്തിമ പട്ടിക പ്രസിദ്ധീകരിച്ചു

തിരുവനന്തപുരം: സംസ്ഥാനത്തെ വോട്ടർ പട്ടിക തീവ്ര പരിഷ്കരണത്തിന് ശേഷമുള്ള അന്തിമ വോട്ടർപട്ടിക പ്രസിദ്ധീകരിച്ചു.

തെരഞ്ഞെടുപ്പ് കമ്മീഷൻ പുറത്തുവിട്ട കണക്ക് പ്രകാരം അന്തിമ വോട്ടർപട്ടികയിൽ 2.69 കോടി വോട്ടർമാരാണുള്ളത്. 9,06,211 പേർ വോട്ടർ പട്ടികയിൽ നിന്ന് പുറത്തായി. നിയമസഭ തെരഞ്ഞെടുപ്പ് നാമനിർദേശ പത്രിക നൽകാനുള്ള അവസാന ദിവസം വരെ പേര് ചേർക്കാമെന്ന് തെരഞ്ഞെടുപ്പ് കമ്മീഷൻ അറിയിച്ചു.

https: //electoralsearch. eci. gov. in/ എന്ന വെബ്സൈറ്റിൽ വോട്ടർ ഐഡി നമ്പർ ഉപയോഗിച്ചോ, പേര്, ജനന തീയതി, വയസ് ഉപയോഗിച്ചോ, മൊബൈൽ ഉപയോഗിച്ചോ പേര് പരിശോധിക്കാവുന്നതാണ്.

കൂടാതെ പ്രത്യേക തീവ്ര പുതുക്കൽ 2026ൻറെ ബൂത്ത് തല വോട്ടർ പട്ടിക പരിശോധിക്കാവുന്നതാണ്. അതിനായി മുഖ്യ തെരഞ്ഞെടുപ്പ് ഓഫീസറുടെ ഔദ്യോഗിക വെബ്സൈറ്റായ https: //www. ceo. kerala. gov. in/ എന്ന വെബ്സൈറ്റിൽ നൽകിയിരിക്കുന്ന Kerala SIR Final Electoral Roll 2026 എന്ന ലിങ്കിൽ ക്ലിക്ക് ചെയ്തോ അല്ലെങ്കിൽ https: //voters. eci. gov. in/download eroll stateCode=511 എന്ന വെബ് പോർട്ടൽ വഴിയോ പരിശോധിക്കാം.

## ഉഷയുടെ വയറ്റിൽനിന്ന് കത്രിക പുറത്തെടുത്തു; തൊണ്ടിമുതൽ പോലീസിന് കൈമാറി

കൊച്ചി: വണ്ടാനം മെഡിക്കൽ കോളജിലെ ചികിത്സാ പിഴവിനെ തുടർന്ന് വീട്ടമ്മയുടെ വയറ്റിൽ അകപ്പെട്ട കത്രിക പുറത്തെടുത്തു. ശനിയാഴ്ച ഉച്ചയോടെയാണ് അമൃത ആശുപത്രിയിൽ ശസ്ത്രക്രിയ പൂർത്തിയായത്. തുടർന്ന് കത്രിക പോലീസിന് കൈമാറി.

വണ്ടാനം മെഡിക്കൽ കോളജിൽ ഗർഭാശയം നീക്കാനുള്ള ശസ്ത്രക്രിയ കഴിഞ്ഞ് അഞ്ചുവർഷമാകുന്നതിനിടെയാണ് പുന്നപ്ര സ്വദേശി ഉഷാ ജോസഫുകുട്ടിയുടെ (51) വയറ്റിൽ കത്രിക കണ്ടെത്തിയത്. ശസ്ത്രക്രിയയ്ക്ക് ഉപയോഗിക്കുന്ന നീളത്തിലുള്ള അറ്റം വളഞ്ഞ കത്രികയാണ് ഉഷയുടെ വയറ്റിലുണ്ടായിരുന്നത്.

സംഭവത്തിൽ കേസെടുത്തതിനാൽ രണ്ട് സർക്കാർ ഡോക്ടർമാരുടെ സാന്നിധ്യത്തിലായിരുന്നു ശസ്ത്രക്രിയ. കളമശേരി ഗവ. മെഡിക്കൽ കോളജിലെ രണ്ട് ഡോക്ടർമാർ ശസ്ത്രക്രിയക്ക് എത്തിയിരുന്നു. അതേസമയം സംഭവം വിവാദമായതോടെ ആരോഗ്യവകുപ്പ് വീഴ്ച സമ്മതിച്ചു. കോവിഡിൻറെ പ്രത്യേകസാഹചര്യത്തിൽ സംഭവിച്ച വീഴ്ചയാണെന്നായിരുന്നു വിശദീകരണം. ശസ്ത്രക്രിയ്ക്ക് നേതൃത്വം നൽകിയ ഗൈനക്കോളജി വിഭാഗം അസോസിയേറ്റ് പ്രൊഫസർ ഡോ. ജെ. ഷാഹിദ, നഴ്സ് പി. എസ്. ധന്യ എന്നിവരെ മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർ സർവീസിൽനിന്ന് സസ്പെൻഡ് ചെയ്തിരുന്നു.

## മന്ത്രി വീണാ ജോർജിൻറെ വസതിക്ക് മുന്നിലെ പ്രതിഷേധം; 25 യൂത്ത് കോൺഗ്രസ് പ്രവർത്തകർക്കെതിരെ കേസ്

തിരുവനന്തപുരം: ആരോഗ്യമന്ത്രി വീണാ ജോർജിൻറെ തിരുവനന്തപുരത്തെ ഔദ്യോഗിക വസതിക്ക് മുന്നിലെ പ്രതിഷേധത്തിൽ 25 യൂത്ത് കോൺഗ്രസ് പ്രവർത്തകർക്കെതിരെ കേസെടുത്ത് പോലീസ്. യൂത്ത് കോൺഗ്രസ് ജില്ലാ അധ്യക്ഷൻ നേമം ഷെജീർ അടക്കമുള്ളവർക്കെതിരെയാണ് കേസെടുത്തത്.

പൊതുമുതൽ നശിപ്പിക്കൽ, ഔദ്യോഗിക കൃത്യനിർവഹണം തടസ്സപ്പെടുത്തൽ, പൊലീസുകാരെ അതിക്രമിക്കുക തുടങ്ങിയ വകുപ്പുകൾ ചേർത്താണ് പൊലീസ് കേസെടുത്തിരിക്കുന്നത്. കൻറോൺമെൻറ് പോലീസിൻറേതാണ് നടപടി. അഞ്ച് പ്രവർത്തകരെ പോലീസ് കസ്റ്റഡിയിലെടുത്തിട്ടുണ്ട്.

ഇന്ന് രാവിലെയായിരുന്നു മന്ത്രി വീണാ ജോർജിൻറെ ഔദ്യോഗിക വസതിയിലേയ്ക്ക് യൂത്ത് കോൺഗ്രസ് പ്രവർത്തകർ പ്രതിഷേധ മാർച്ച് നടത്തിയത്. വണ്ടാനം മെഡിക്കൽ കോളജ് ആശുപത്രിയിലെ ചികിത്സാ പിഴവ് ചൂണ്ടിക്കാട്ടിയായിരുന്നു പ്രതിഷേധം.

ഗേറ്റ് തള്ളിത്തുറന്ന് അകത്തേയ്ക്ക് ഇരച്ചുകയറിയ പ്രവർത്തകർ വീടിൻറെ വാതിലിന് മുന്നിൽ റീത്ത് വച്ചിരുന്നു. വസതിക്ക് മുന്നിൽ രണ്ട് പോലീസുകാരായിരുന്നു ഉണ്ടായിരുന്നത്. പ്രതിഷേധം ശക്തമായതോടെ കൂടുതൽ പോലീസുകാർ സ്ഥലത്തേയ്ക്ക് എത്തി. ഇതിനിടെ പ്രവർത്തകർ വീടിന് മുന്നിൽ കുത്തിയിരുന്ന് പ്രതിഷേധിക്കുകയും ഗേറ്റിൽ കരിങ്കൊടി തൂക്കുകയും ചെയ്തു.

അറസ്റ്റ് ചെയ്യാനുള്ള നീക്കത്തിനിടെ പോലീസുകാരും യൂത്ത് കോൺഗ്രസ് പ്രവർത്തകരും തമ്മിൽ ഉന്തും തള്ളുമുണ്ടായി. ഇതിനിടെ പ്രവർത്തകർ വീട്ടിലേക്ക് വീണ്ടും അതിക്രമിച്ച് കയറാർ ശ്രമിച്ചു. ഇതോടെ പോലീസിന് ബലം പ്രയോഗിക്കേണ്ടിവന്നു. ഇതിനിടെ പ്രവർത്തകർ വീട്ടിലേക്ക് ചീമുട്ടയെറിഞ്ഞിരുന്നു.

തുടർന്ന് പ്രവർത്തകരെ അറസ്റ്റ് ചെയ്ത് പോലീസ് വാഹനത്തിൽ കയറ്റി. ഈ സമയം നേമം ഷജീർ അടക്കമുള്ള പ്രവർത്തകർ പോലീസ് വാഹനത്തിന് മുന്നിൽ കുത്തിയിരുന്ന് പ്രതിഷേധിച്ചു. തൈക്കാട്-വഴുതക്കാട് റോഡ് പ്രവർത്തകർ ഉപരോധിക്കുകയും ചെയ്തിരുന്നു.

## ചർച്ചയിൽ പുരോഗതി സൂചിപ്പിച്ച് ഇറാനും അമേരിക്കയും

ടെഹ്റാൻ: ജനീവയിൽ അമേരിക്കയുമായി നടത്തിയ ആണവചർച്ചയിൽ പുരോഗതിയെന്ന് ഇറേനിയൻ വിദേശകാര്യമന്ത്രി അബ്ബാസ് അരാഗ്ചി. ആണവവിഷയത്തിൽ ദീർഘകാലമായയി തുടരുന്ന തർക്കങ്ങൾ പരിഹരിക്കുന്നതിനുള്ള മാർഗനിർദേശങ്ങളിൽ ഇറാനും അമേരിക്കയും ധാരണയിലെത്തി. എന്നാൽ, ഉടനടി ആണവക്കരാർ ഉണ്ടാകുമെന്നല്ല ഇതിനർഥമെന്നും അരാഗ്ചി കൂട്ടിച്ചേർത്തു. ഇറാൻ അമേരിക്ക യുദ്ധാശങ്ക കുറയ്ക്കാൻ അരാഗ്ചിയുടെ പ്രസ്താവന സഹായിച്ചു.

## സിസ്റ്റം വീണ്ടും തകരാറിലോ; ചികിത്സ കിട്ടാതെ ഗർഭിണി മരിച്ചെന്ന് പരാതി

പാലക്കാട്: പട്ടാമ്പി താലൂക്ക് ആശുപത്രിയിൽ ചികിത്സ കിട്ടാതെ ഗർഭിണി മരിച്ചെന്ന് പരാതി. തൃത്താല മേഴത്തൂർ സ്വദേശിനി നൗഷിജ (29) മരിച്ച സംഭവത്തിൽ തൃത്താല പോലീസ് കേസെടുത്തു. കഴിഞ്ഞ 16നാണ് ഒമ്പതു മാസം ഗർഭിണിയായ നൗഷിജയെ പട്ടാമ്പി താലൂക്ക് ആശുപത്രിയിൽ പ്രവേശിപ്പിച്ചത്. വെള്ളിയാഴ്ച രാവിലെ പത്തരയോടെ നൗഷിജയെ ശ്വാസ തടസവും രക്തസ്രാവവും ഉണ്ടായതിനെ തുടർന്ന് വാണിയംകുളം പി. കെ. ദാസ് ആശുപത്രിയിലേക്ക് മാറ്റുകയായിരുന്നു. ആശുപത്രിയിൽ എത്തിച്ചു പരിശോധന നടത്തിയപ്പോൾ യുവതി മരിച്ചിരുന്നു. ഇതോടെയാണ് താലൂക്ക് ആശുപത്രിക്കെതിരെ ആരോപണം ഉയർന്നത്. ഹൃദയാഘാതമാകാം മരണ കാരണമെന്ന് ഡോക്ടർമാർ പറഞ്ഞു. മൃതദേഹം പോസ്റ്റ്മോർട്ടത്തിനുശേഷം ബന്ധുക്കൾക്ക് വിട്ടു നൽകും. ആശുപത്രികളിലെ ചികിത്സാ പിഴവിനെ തുടർന്ന് പ്രതിഷേധം ശക്തമാകുന്നതിനിടെയാണ് യുവതിയുടെ മരണം സംഭവിച്ചത്.

## വി. ഡി. സതീശനെതിരെ പ്രതിഷേധത്തിന് സാധ്യത; സുരക്ഷ വർധിപ്പിച്ചു

തിരുവനന്തപുരം: മന്ത്രി വീണാ ജോർജിനെതിരെ യൂത്ത് കോൺഗ്രസ് പ്രതിഷേധം കടുപ്പിച്ചതോടെ പ്രതിപക്ഷ നേതാവിനെതിരെ സിപിഎം പ്രതിഷേധത്തിന് സാധ്യതയെന്ന് സ്പെഷൽ ബ്രാഞ്ച് മുന്നറിയിപ്പ്. വി. ഡി. സതീശൻറെ പുതുയുഗയാത്രയിൽ ഉൾപ്പെടെ കടന്നുകയറി കരിങ്കൊടി പ്രതിഷേധത്തിന് സാധ്യതയുണ്ടെന്നാണ് മുന്നറിയിപ്പ്.

സുരക്ഷ കർശനമാക്കണമെന്നും സ്പെഷൽ ബ്രാഞ്ച് റിപ്പോർട്ടിൽ പറയുന്നു.

## ആക്രമണം ഉണ്ടായാൽ തിരിച്ചടിക്കും; ഐക്യരാഷ്ട്ര സഭയ്ക്ക് കത്തയച്ച് ഇറാൻ

ടെഹ്റാൻ: അമേരിക്കൻ പ്രസിഡൻറ് ഡോണൾഡ് ട്രംപിൻറെ ഭീഷണിയുടെ പശ്ചാത്തലത്തിൽ ഐക്യരാഷ്ട്ര സഭയ്ക്ക് കത്തയച്ച് ഇറാൻ. മേഖലയിൽ അമേരിക്ക സൈനിക ശേഷി വർധിപ്പിക്കുന്നത് തങ്ങളെ ആക്രമിക്കാനാണ്.

ആക്രമണം ഉണ്ടായാൽ ശക്തമായി തിരിച്ചടിക്കുമെന്നും സുരക്ഷ കൗൺസിൽ ഇടപെടണമെന്നും ഇറാൻ പറയുന്നു. അമേരിക്കയുടെ ആണവ വ്യവസ്ഥകൾ അംഗീകരിക്കണമെന്നും ഇതിനായി 10 ദിവസത്തെ സമയം നൽകുമെന്നും ട്രംപ് ഇറാന് മുന്നറിയിപ്പ് നൽകിയിരുന്നു.

യുറേനിയം സമ്പുഷ്ടീകരണം പൂർണമായി നിർത്തണം. ബാലിസ്റ്റിക് മിസൈൽ പദ്ധതി ഉപേക്ഷിക്കണമെന്നും അല്ലെങ്കിൽ മോശം കാര്യങ്ങൾ സംഭവിക്കുമെമെന്നുമാണ് ട്രംപിൻറെ മുന്നറിയിപ്പ്. അമേരിക്കയുമായി കരാറിലെത്തണമെന്നും ഇല്ലെങ്കിൽ ഇറാൻ അനുഭവിക്കേണ്ടിവരുമെന്നും യുഎസ് പ്രസിഡൻറ് ഡോണൾഡ് ട്രംപ്. കരാറിലെത്താൻ ഇറാൻ പരാജയപ്പെട്ടാൽ പശ്ചിമേഷ്യയിൽ പലതും സംഭവിക്കുമെന്നും ട്രംപ് മുന്നറിയിപ്പ് നൽകി.

വരുന്ന 10 ദിവസത്തിനുള്ളിൽ യുഎസുമായുള്ള ചർച്ചകൾ പൂർത്തീകരിക്കണം. അല്ലെങ്കിൽ അമേരിക്ക ഒരു അടി കൂടി മുൻപോട്ട് വയ്ക്കുമെന്നും ട്രംപ് പറഞ്ഞു. നിലവിൽ യുഎസ് തങ്ങളുടെ അത്യാധുനിക വിമാനങ്ങൾ പശ്ചമേഷ്യയിലേക്ക് വിന്യസിച്ചിരിക്കുയാണ്. എഫ്35,എഫ്22 ജെറ്റ് യുദ്ധവിമാനങ്ങൾ ഇക്കൂട്ടത്തിലുണ്ട്.

അതേസമയം ഇറാനിൽ ശനിയാഴ്ച അമേരിക്ക ആക്രമണം നടത്തിയേക്കുമെന്ന് റിപ്പോർട്ടുകളുണ്ട്.

## വേളി കടൽത്തീരത്ത് സ്ത്രീയുടെ മൃതദേഹം കരയ്ക്കടിഞ്ഞു; പോലീസ് അന്വേഷണം ആരംഭിച്ചു

തിരുവനന്തപുരം: വേളി കടൽത്തീരത്ത് സ്ത്രീയുടെ മൃതദേഹം കരയ്ക്കടിഞ്ഞു. ശനിയാഴ്ച രാവിലെ കരയ്ക്കടിഞ്ഞ മൃതദേഹത്തിൻറെ കൈകൾ മുണ്ട് ഉപയോഗിച്ച് കൂട്ടിക്കെട്ടിയ നിലയിലാണ്. മൂക്കിൽനിന്ന് രക്തം വന്ന് കട്ടപിടിച്ചിട്ടുണ്ട്.

സംഭവം കൊലപാതകമാണോയെന്നും സംശയമുണ്ട്. രാവിലെ മത്സ്യത്തൊഴിലാളികളാണ് മൃതദേഹം ആദ്യം കണ്ടത്. ഇവർ പോലീസിനെ വിവരമറിയിക്കുകയായിരുന്നു. തുടർന്ന് പോലീസെത്തി പരിശോധന നടത്തി. മൃതദേഹത്തിന് അധികം പഴക്കമില്ലെന്നാണ് പോലീസ് പറയുന്നത്.

മിസിംഗ് കേസുകൾ പോലീസ് പരിശോധിച്ചുവരികയാണ്. മൃതദേഹം മെഡിക്കൽകോളജ് ആശുപത്രിയിലേക്ക് മാറ്റി.






# ചീഫ് മിനിസ്റ്റേഴ്സ് മെഗാക്വിസ് ഗ്രാൻഡ് ഫിനാലെ ഇന്ന് തിരുവനന്തപുരത്ത്; മുഖ്യമന്ത്രി സമ്മാനദാനം നിർവഹിക്കും

കേരളത്തിന്റെ സാമൂഹിക, വികസന, ക്ഷേമ പ്രവർത്തനങ്ങളുടെ ചരിത്രവും വർത്തമാനവും പ്രമേയമാക്കി സംസ്ഥാന സർക്കാർ സംഘടിപ്പിക്കുന്ന ചീഫ് മിനിസ്റ്റേഴ്സ് മെഗാക്വിസിന്റെ ആദ്യ എഡിഷൻ ഗ്രാൻഡ് ഫിനാലെയും സമാപന സമ്മേളനവും സമ്മാനദാന ചടങ്ങും ഇന്ന് (ഫെബ്രുവരി 22) തിരുവനന്തപുരം ഗവ. വിമൻസ് കോളേജ് ഓഡിറ്റോറിയത്തിൽ നടക്കും. രാവിലെ 9.30 ന് കോളേജ് വിഭാഗം മത്സരവും ഉച്ചക്ക് 1.30 ന് സ്കൂൾ വിഭാഗം മത്സരവും നടക്കും.

സ്കൂൾ, കോളേജ് വിഭാഗങ്ങളിലായി ഏകദേശം അഞ്ച് ലക്ഷത്തോളം വിദ്യാർത്ഥികളാണ് വിവിധ ഘട്ടങ്ങളിലായി മത്സരത്തിൽ പങ്കെടുത്തത്. ശരിയുത്തരങ്ങൾക്ക് കാണികൾക്കും സമ്മാനം ലഭിക്കുന്ന ജനകീയ കിസ് ഷോയായാണ് ഗ്രാന്റ് ഫിനാലെ സംഘടിപ്പിക്കുന്നത്.

വൈകുന്നേരം 4.30 ന് നടക്കുന്ന ചടങ്ങിൽ മുഖ്യമന്ത്രി പിണറായി വിജയൻ സമാപന സമ്മേളനം ഉദ്ഘാടനം ചെയ്യുകയും വിജയികൾക്ക് സമ്മാനദാനം നിർവഹിക്കുകയും ചെയ്യും. പൊതുവിദ്യാഭ്യാസ വകുപ്പ് മന്ത്രി വി ശിവൻകുട്ടി അധ്യക്ഷത വഹിക്കും. ഉന്നത വിദ്യാഭ്യാസ വകുപ്പ് മന്ത്രി ഡോ. ആർ ബിന്ദു മുഖ്യാതിഥിയായി പങ്കെടുക്കും. മേയർ വി വി രാജേഷ്, ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് വിപ്രിയദർശിനി എന്നിവർ വിശിഷ്ടാതിഥികളാകും. ഇൻഫർമേഷൻ പബ്ലിക് റിലേഷൻസ് വകുപ്പ് സ്പെഷ്യൽ സെക്രട്ടറി ടി വി സുഭാഷ് സ്വാഗതം ആശംസിക്കും.

ഉന്നത വിദ്യാഭ്യാസ വകുപ്പ് സെക്രട്ടറി ഡോ. ഷർമിള മേരി ജോസഫ്, പൊതുവിദ്യാഭ്യാസ വകുപ്പ് സെക്രട്ടറി ഡോ. കെ വാസുകി, കോളേജിയേറ്റ് എജ്യുക്കേഷൻ ഡയറക്ടർ കെ സുധീർ, പൊതുവിദ്യാഭ്യാസ വകുപ്പ് ഡയറക്ടർ എൻ എസ് കെ ഉമേഷ് എന്നിവർ ആശംസകൾ നേരും. ഇൻഫർമേഷൻ പബ്ലിക് റിലേഷൻസ് വകുപ്പ് അഡീഷണൽ ഡയറക്ടർ കെ ജി സന്തോഷ് നന്ദി അറിയിക്കും.

സ്കൂൾ വിഭാഗത്തിൽ ആദ്യ മൂന്ന് സ്ഥാനങ്ങൾ നേടുന്ന ടീമുകൾക്ക് യഥാക്രമം അഞ്ച് ലക്ഷം, മൂന്ന് ലക്ഷം, രണ്ട് ലക്ഷം രൂപയും കോളേജ് വിഭാഗത്തിൽ ആദ്യ മൂന്ന് സ്ഥാനങ്ങൾ നേടുന്ന ടീമുകൾക്ക് യഥാക്രമം മൂന്ന് ലക്ഷം, രണ്ട് ലക്ഷം, ഒരു ലക്ഷം രൂപയും ക്യാഷ് അവാർഡായി നൽകും. ഇതോടൊപ്പം പ്രശസ്തിപത്രവും മെമെന്റോയും സമ്മാനിക്കും.

ഇൻഫർമേഷൻ പബ്ലിക് റിലേഷൻസ് വകുപ്പ്, പൊതുവിദ്യാഭ്യാസ വകുപ്പ്, ഉന്നത വിദ്യാഭ്യാസ വകുപ്പ് എന്നിവയുടെ സംയുക്ത നേതൃത്വത്തിലാണ് പരിപാടി സംഘടിപ്പിക്കുന്നത്. പൊതുജനങ്ങൾക്ക് പ്രവേശനം സൗജന്യമായിരിക്കും.

# 4 മെഡിക്കൽ പിജി സീറ്റുകൾക്ക് എൻഎംസി അനുമതി

സംസ്ഥാനത്തെ സർക്കാർ മെഡിക്കൽ കോളേജുകളിൽ സൂപ്പർ സ്പെഷ്യാലിറ്റിയിൽ 4 മെഡിക്കൽ പിജി സീറ്റുകൾക്ക് കൂടി നാഷണൽ മെഡിക്കൽ കമ്മീഷന്റെ അനുമതി ലഭ്യമായതായി ആരോഗ്യ വകുപ്പ് മന്ത്രി വീണാ ജോർജ്. കോഴിക്കോട് മെഡിക്കൽ കോളേജിൽ എംസിഎച്ച് സർജിക്കൽ ഗ്യാസ്ട്രോഎൻട്രോളജി, തൃശൂർ മെഡിക്കൽ കോളേജിൽ ഡിഎം നിയോനെറ്റോളജിയിലും 2 സീറ്റുകൾക്ക് വീതമാണ് അനുമതി ലഭ്യമായത്. ഇതോടെ ഈ സർക്കാരിന്റെ കാലത്ത് 133 മെഡിക്കൽ പിജി സീറ്റുകൾക്കാണ് അനുമതി ലഭ്യമായത്. ഈ രണ്ട് കോഴ്സുകളും തുടങ്ങാനാവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ഒരിക്കുകയും തസ്തിക സൃഷ്ടിക്കുകയും ചെയ്തിരുന്നു.

ഉദര സംബന്ധമായ രോഗങ്ങൾക്ക് ശസ്ത്രക്രിയാ ചികിത്സ നൽകുന്നതിനുള്ള സൂപ്പർ സ്പെഷ്യാലിറ്റി കോഴ്സാണ് എംസിഎച്ച് സർജിക്കൽ ഗ്യാസ്ട്രോഎൻട്രോളജി. കാൻസർ, കരൾ രോഗങ്ങൾ, പാൻക്രിയാറ്റിക് പ്രശ്നങ്ങൾ, ലാപറോസ്കോപിക്/അഡ്വാൻസ്ഡ് ശസ്ത്രക്രിയകൾ എന്നിവയിൽ കൂടുതൽ വിദഗ്ധരെ സജ്ജമാക്കുന്നതിന് സഹായിക്കും. കോഴിക്കോട് മെഡിക്കൽ കോളേജിൽ കരൾ മാറ്റിവയ്ക്കൽ ശസ്ത്രക്രിയ യാഥാർത്ഥ്യമാക്കാനും സാധിക്കും.

നവജാത ശിശുക്കളുടെ ഗുരുതര രോഗങ്ങൾക്കും പ്രത്യേക പരിചരണത്തിനുമായുള്ള സൂപ്പർ സ്പെഷ്യാലിറ്റി മെഡിക്കൽ കോഴ്സാണ് ഡിഎം നിയോനറ്റോളജി. പ്രീമേച്ചർ കുഞ്ഞുങ്ങൾ, എൻഐസിയു പരിചരണം, ശ്വാസകോശ-ഹൃദയ സംബന്ധമായ പ്രശ്നങ്ങൾ എന്നിവയിൽ കൂടുതൽ വിദഗ്ധരെ തയ്യാറാക്കാൻ ഇതിലൂടെ സാധിക്കും.ഈ കാലയളവിൽ കോന്നി, ഇടുക്കി, കാസർഗോഡ്, വയനാട് മെഡിക്കൽ കോളേജുകൾ യാഥാർത്ഥ്യമാക്കി. സർക്കാർ, സർക്കാർ അനുബന്ധ മേഖലയിൽ 21 നഴ്സിംഗ് കോളേജുകൾ പുതുതായി ആരംഭിച്ചു. ആദ്യമായി ദേശീയ റാങ്കിംഗ് പട്ടികയിൽ മെഡിക്കൽ കോളേജുകളും ദന്തൽ കോളേജുകളും ഉൾപ്പെട്ടതും ഈ കാലയളവിൽ ആണ്. മെഡിക്കൽ, നഴ്സിംഗ് സീറ്റുകൾ ഗണ്യമായി വർധിപ്പിച്ചു. സർക്കാർ മേഖലയിൽ ആയിരത്തിൽ അധികം ബി.എസ്.സി. നഴ്സിംഗ് സീറ്റുകൾ ആണ് പുതുതായി അനുവദിച്ചത്.

# മുഖ്യമന്ത്രിയുടെ കണക്ട് ടു വർക്ക്: അപേക്ഷ ക്ഷണിച്ചു

കേരളത്തിലെ യുവതീ-യുവാക്കളിൽ നൈപുണ്യ പരിശീലനത്തിൽ പങ്കെടുക്കുന്നവർക്കും, മത്സരപരിക്ഷകൾക്കായി തയ്യാറെടുക്കുന്നവർക്കും പ്രതിമാസം 1000 രൂപ സാമ്പത്തിക സഹായം നൽകുന്ന ' മുഖ്യമന്ത്രിയുടെ കണക്ട് ടു വർക്ക് ' പദ്ധതിയിലേക്ക് അപേക്ഷ ക്ഷണിച്ചു. eemployment.kerala.gov.in മുഖേന ഓൺലൈനായി മാത്രമാണ് അപേക്ഷ സ്വീകരിക്കുന്നത്. കേരളത്തിൽ സ്ഥിരതാമസക്കാരായ 18 വയസ് പൂർത്തിയായവരും 30 വയസ് കവിയാത്തവരുമായിരിക്കണം അപേക്ഷകർ. കുടുംബ വാർഷിക വരുമാനം അഞ്ച് ലക്ഷം രൂപയിൽ കവിയാൻ പാടില്ല.

കേന്ദ്ര, സംസ്ഥാന സർക്കാർ വകുപ്പുകൾ, കേന്ദ്ര, സംസ്ഥാന പൊതുമേഖലാ സ്ഥാപനങ്ങൾ/ കേന്ദ്ര, സംസ്ഥാന പൊതുമേഖലാ സ്ഥാപനങ്ങളുടെ അനുബന്ധ സ്ഥാപനങ്ങൾ/ രാജ്യത്തെ അംഗീകൃത സർവ്വകലാശാലകൾ/ 'ഡീംഡ്' സർവകലാശാലകൾ, നിലവിൽ പ്രവർത്തിച്ചുവരുന്ന അംഗീകൃത സ്വകാര്യ സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ നൈപുണ്യ പരിശീലനം നടത്തുന്നവരോ, യു.പി.എസ്.സി, സംസ്ഥാന പി.എസ്.സി., സർവ്വീസ് സെലക്ഷൻ ബോർഡ്, കര, നാവിക, വ്യോമ സേന, ബാങ്ക്, റയിൽവെ, മറ്റ് കേന്ദ്ര, സംസ്ഥാന പൊതുമേഖലാ റിക്രൂട്ട്മെന്റ് ഏജൻസികളോ നടത്തുന്ന മത്സര പരീക്ഷകൾക്ക് അപേക്ഷ സമർപ്പിച്ച് മത്സര പരിക്ഷകൾക്ക് തയ്യാറെടുക്കുന്നവരോ ആയിരിക്കണം അപേക്ഷകർ.

അപേക്ഷ ലഭിക്കുന്ന തീയതിയുടെ മുൻഗണന ക്രമത്തിലാണ് സാമ്പത്തിക സഹായം ലഭിക്കുന്നത്. നൈപുണ്യപരിശീലനം, മത്സര പരീക്ഷാ പരിശീലനം എന്നിങ്ങനെ ഏത് വിഭാഗത്തിലായാലും ഒരു വ്യക്തിക്ക് ഒരു തവണ പരമാവധി ആകെ 12 (പന്ത്രണ്ട്) മാസത്തേക്ക് മാത്രമേ ഈ സ്കോളർഷിപ്പ് ലഭിക്കുന്നതിന് അർഹത ഉണ്ടായിരിക്കുകയുള്ളൂ. വിധവാ പെൻഷൻ, ഭിന്നശേഷി പെൻഷൻ മുതലായ ഏതെങ്കിലും സാമൂഹ്യ ക്ഷേമ പെൻഷനുകൾ, വിവിധ തരം സർവീസ് പെൻഷനുകൾ, കുടുംബ പെൻഷൻ, ക്ഷേമ നിധി ബോർഡുകളിൽ നിന്നുള്ള കുടുംബ പെൻഷൻ, ഇ.പി.എഫ് പെൻഷൻ മുതലായവ ലഭിക്കുന്നവർക്ക് പദ്ധതിയുടെ ആനുകൂല്യം ലഭിക്കില്ല. കേന്ദ്ര, സംസ്ഥാന സർക്കാർ വകുപ്പുകൾ/ സ്ഥാപനങ്ങൾ തുടങ്ങി വിതരണം ചെയ്യുന്ന മറ്റൊരു സ്കോളർഷിപ്പ് ലഭിക്കുന്നവർക്ക് ഈ പദ്ധതിയുടെ ആനുകൂല്യം ലഭിക്കില്ല. കൂടാതെ നൈപുണ്യ വികസന പരിശീലന കോഴ്സ്/ മൽസര പരീക്ഷാ പരിശിലനങ്ങൾക്കല്ലാതെ മറ്റ് കോഴ്സുകളായ JEE, NEET, SET, NET തുടങ്ങിയ പ്രവേശന/ എലിജിബിലിറ്റി ടെസ്റ്റുകൾക്ക് പരിശീലിക്കുന്നവർക്കും കേന്ദ്ര- സംസ്ഥാന സർക്കാർ സർവീസിലോ, സർക്കാർ ഉടമസ്ഥതയിലുള്ള സ്ഥാപനങ്ങളിലോ, സർവകലാശാലകളിലോ സ്ഥിരമായോ, കരാർ അടിസ്ഥാനത്തിലോ ജോലി ചെയ്യുന്നവർക്കും പദ്ധതിയുടെ ആനുകൂല്യം ലഭിക്കില്ല.

അപേക്ഷ സമർപ്പിക്കുന്നവർ പ്രായം തെളിയിക്കുന്നതിനുള്ള രേഖയായി ജനന സർട്ടിഫിക്കറ്റ്/ എസ്.എസ്.എൽ.സി സർട്ടിഫിക്കറ്റ് - പകർപ്പ് ഹാജരാക്കണം. വിദ്യാഭ്യാസ യോഗ്യത തെളിയിക്കുന്നതിനായി വിദ്യാഭ്യാസ യോഗ്യതാ സർട്ടിഫിക്കറ്റുകളുടെ പകർപ്പ് ഹാജരക്കാണം. അഡ്രസ്സ് പ്രൂഫിനായി ഇലക്ഷൻ ഐ.ഡി/ സ്കൂൾ സർട്ടിഫിക്കറ്റ്/ പാസ്പോർട്ട്/ ഡ്രൈവിംഗ് ലൈസൺസ്- പകർപ്പ് ഹാജരാക്കണം. വരുമാനം തെളിയിക്കുന്നതിനായി വരുമാന സർട്ടിഫിക്കറ്റിന്റെ പകർപ്പ് ഹാജരാക്കണം. ബാങ്ക് ആക്കൗണ്ട് നമ്പർ, കഎടഇ കോഡ് എന്നിവയ്ക്കായി ബാങ്ക് പാസ്ബുക്കിന്റെ പകർപ്പ് ഹാജരാക്കണം. നൈപുണ്യ പരിശീലനത്തിൽ പങ്കെടുക്കുന്നവർ പരിശീലന സ്ഥാപന മേധാവി നൽകുന്ന സർട്ടിഫിക്കറ്റ്/ സത്യവാങ്മൂലം, മൽസര പരീക്ഷക്ക് തയ്യാറെടുക്കുന്നവർ മൽസര പരീക്ഷയ്ക്ക് അപേക്ഷിച്ച വിവരങ്ങൾ എന്നിവ സമർപ്പിക്കണം. അപേക്ഷയോടൊപ്പം അപേക്ഷകർ പദ്ധതി മാനദണ്ഡങ്ങളുടെ പരിധിയിൽ വരുന്നുണ്ടെന്ന് കാണിക്കുന്ന സ്വയം സാക്ഷ്യപ്പെടുത്തിയ സത്യപ്രസ്താവനയും നൽകണം.

# ലൈസൻസ് അപേക്ഷയും പുതുക്കലും കരാറുകാരുടെ അവകാശം : 15 ദിവസത്തിനുള്ളിൽ തീരുമാനമെടുക്കണമെന്ന് സർക്കാർ വിജ്ഞാപനം

പൊതുമരാമത്ത് കോൺട്രാക്ടർമാരുടെ ലൈസൻസ് അപേക്ഷയും പുതുക്കലും പ്രത്യേക സേവനങ്ങളുടെ പരിധിയിൽ ഉൾപ്പെടുത്തി സർക്കാർ വിജ്ഞാപനമിറക്കി. പൊതുമരാമത്ത് വകുപ്പിലെ വിവിധ പ്രവൃത്തികൾ ഏറ്റെടുക്കുന്ന കരാറുകാരുടെ ഏറെക്കാലത്തെ ആവശ്യമാണ് ഇതോടെ നടപ്പിലാകുന്നത്.

കരാറുകാരുടെ ലൈസൻസിനുള്ള അപേക്ഷ സമർപ്പിക്കൽ, ലൈസൻസ് പുതുക്കൽ എന്നിവയാണ് പൊതുജനങ്ങൾക്ക് നൽകുന്ന പ്രത്യേക സേവനങ്ങളുടെ പരിധിയിൽ ഉൾപ്പെടുത്തിയത്. ലൈസൻസിനുള്ള അപേക്ഷകളിൽ 15 ദിവസത്തിനുള്ളിൽ നടപടി സ്വീകരിക്കണമെന്ന് വിജ്ഞാപനത്തിൽ പറയുന്നു. പൊതുമരാമത്ത് വകുപ്പിന്റെ നിയമങ്ങൾക്കും ചട്ടങ്ങൾക്കും വിധേയമായിട്ടാണ് അപേക്ഷ സമർപ്പിക്കുന്നതെന്ന സമ്മതപത്രവും കരാറുകാർ സമർപ്പിക്കേണ്ടതാണ്. അല്ലാത്തപക്ഷം അപേക്ഷ നിരസിക്കുവാനും ഉദ്യോഗസ്ഥർക്ക് അധികാരമുണ്ടായിരിക്കും.കേരളത്തിലെ പൊതുമരാമത്ത് കരാറുകാരുടെ ഏറെക്കാലത്തെ ആവശ്യത്തിലാണ് സർക്കാർ പച്ചക്കൊടി കാണിച്ചിരിക്കുന്നത്. കരാറുകാർ നേരിടുന്ന പ്രശ്നങ്ങൾ മനസിലാക്കി അതാത് സമയം ഇടപെടുന്നതിന് പൊതുമരാമത്ത് വകുപ്പ് മന്ത്രി പി എ മുഹമ്മദ് റിയാസിന്റെ നേതൃത്വത്തിൽ കരാർ സംഘടനകളുടെ യോഗങ്ങൾ ചേർന്നിരുന്നു. തുടർന്ന് മന്ത്രിയുടെ നിർദ്ദേശ പ്രകാരം ഒരു കമ്മിറ്റിയെ ചുമതലപ്പെടുത്തി. ആ കമ്മിറ്റിയിൽ ഉയർന്നുവന്ന പ്രധാന നിർദ്ദേശങ്ങൾ ഓരോന്നായി സർക്കാർ നടപ്പിലാക്കി വരികയാണ്. രണ്ട് തവണ റിവിഷൻ നടപ്പിലാക്കിയത് ഇതിന്റെ ഭാഗമായിട്ടായിരുന്നു. ലൈസൻസ് പുതുക്കുന്നതിലും പുതിയ ലൈസൻസിനുള്ള അപേക്ഷ സ്വീകരിക്കുന്നതിലും ഉണ്ടാകുന്ന കാലതാമസം ഒഴിവാക്കണമെന്ന കരാറുകാരുടെ ദീർഘകാലത്തെ ആവശ്യത്തിനും ഇപ്പോൾ പരിഹാരമാവുകയാണ്.

## ഗസ്റ്റ് ഇൻസ്ട്രക്ടർ ഒഴിവ്

വെളിയം പടിഞ്ഞാറ്റിൻകരയിൽ പ്രവർത്തിക്കുന്ന കൊട്ടാരക്കര ഗവൺമെന്റ് ഐ.ടി.ഐയിൽ വർക്ക്ഷോപ്പ് കാൽക്കുലേഷൻ ആൻഡ് സയൻസ്, എൻജിനിയറിംഗ് ഡ്രോയിങ്, എംപ്ലോയബിലിറ്റി സ്കിൽ വിഷയങ്ങളിൽ ഗസ്റ്റ് ഇൻസ്ട്രക്ടർ ഒഴിവിലേക്കുള്ള അഭിമുഖം 25 ന് രാവിലെ 11 ന് ഐ.ടി.ഐയിൽ വച്ച് നടക്കും. എംബിഎ/ബിബിഎ/ബിരുദം/ യുജിസി അംഗീകരിച്ച എൻജിനിയറിങ് കോളേജിൽ നിന്നും എൻജിനിയറിങ് ബിരുദമാണ് വിദ്യാഭ്യാസ യോഗ്യത.

# പാക് ഭീകരസംഘടനയെ പിന്തുണച്ച് സന്ദേശം; തിരുപ്പൂരിൽ അനധികൃതമായി താമസിച്ച 6 ബംഗ്ലാദേശി പൗരന്മാർ പിടിയിൽ

കോയമ്പത്തൂർ: പാക് ഭീകരസംഘടനയെ പിന്തുണച്ച് സാമൂഹികമാധ്യമങ്ങളിൽ സന്ദേശങ്ങൾ പ്രചരിപ്പിച്ച ആറ് ബംഗ്ലാദേശി പൗരന്മാർ തമിഴ്നാട്ടിലെ തിരുപ്പൂരിൽ അറസ്റ്റിലായി. ഡൽഹി പോലീസിന്റെ ക്യൂ ബ്രാഞ്ച് ആണ് ഇവരെ പിടികൂടിയത്. അനധികൃതമായാണ് ഇവർ തിരുപ്പൂരിൽ താമസിച്ചുവന്നിരുന്നതെന്നും പ്രതികളിൽനിന്ന് എട്ട് മൊബൈൽഫോണുകളും 16 സിം കാർഡുകളും പിടിച്ചെടുത്തതായും പോലീസ് അറിയിച്ചു.

ബംഗ്ലാദേശ് സ്വദേശികളായ മിജാനൂർ റഹ്മാൻ, മുഹമ്മദ് ശബാത്, ഉമർ, മുഹമ്മദ് ലിതാൻ, മുഹമ്മദ് ഷാഹിദ്, മുഹമ്മദ് ഉജ്ജൽ എന്നിവരാണ് അറസ്റ്റിലായവർ. ഇവരെല്ലാം തിരുപ്പൂരിലെ വിവിധ വസ്ത്രനിർമാണ കമ്പനികളിൽ ജോലിചെയ്തുവരികയായിരുന്നു. വ്യാജ ആധാർ കാർഡുകളടക്കം സംഘടിപ്പിച്ചാണ് ഇവർ ജോലിനേടിയതെന്നും താമസസൗകര്യം ഉൾപ്പെടെ തരപ്പെടുത്തിയതെന്നും പോലീസ് പറഞ്ഞു. പ്രതികളുടെ പക്കൽ പാസ്പോർട്ടോ വിസയോ ഇല്ലായിരുന്നുവെന്നും പോലീസ് പറഞ്ഞു. തിരുപ്പൂർ പോലീസിന്റെ സഹായത്തോടെയാണ് റെയ്ഡ് നടത്തി ആറ് ബംഗ്ലാദേശി പൗരന്മാരെയും ഡൽഹി പോലീസ് അറസ്റ്റ്ചെയ്തത്. ഇവർ പാകിസ്താൻ കേന്ദ്രീകരിച്ച് പ്രവർത്തിക്കുന്ന തീവ്രവാദ സംഘങ്ങളുമായി ആശയവിനിമയം നടത്തിയിരുന്നതായാണ് വിവരം. ഇവർ ഏതെങ്കിലും സ്ലീപ്പർ സെല്ലിന്റെ ഭാഗമാണോയെന്നും പോലീസ് പരിശോധിച്ചുവരികയാണ്. അറസ്റ്റ്ചെയ്ത ആറുപേരെയും ചോദ്യംചെയ്തുവരികയാണെന്നും പോലീസ് വൃത്തങ്ങൾ അറിയിച്ചു.

## നിയമസഭാ സാമാജികർക്കുള്ള ഫ്ലാറ്റ് സമുച്ചയം മുഖ്യമന്ത്രി 24ന് ഉദ്ഘാടനം ചെയ്യും

നിയമസഭാ സാമാജികർക്കായി നിയമസഭാ ഹോസ്റ്റലിൽ നിർമ്മാണം പൂർത്തിയായ ഫ്ലാറ്റ് സമുച്ചയമായ പമ്പ ബ്ലോക്കിന്റെ ഉദ്ഘാടനം ഫെബ്രുവരി 24 വൈകിട്ട് 3.30 ന് നിയമസഭാ സമുച്ചയത്തിലെ ആർ. ശങ്കരനാരായണൻ തമ്പി മെംബേഴ്സ് ലോഞ്ചിൽ നിയമസഭാ സ്പീക്കർ എ. എൻ ഷംസീറിന്റെ അദ്ധ്യക്ഷതയിൽ മുഖ്യമന്ത്രി പിണറായി വിജയൻ നിർവഹിക്കും.അൻപത് വർഷത്തിലധികം പഴക്കമുണ്ടായിരുന്ന പഴയ പമ്പ ബ്ലോക്ക് കെട്ടിടം നവീകരിക്കുക അസാധ്യമായതിനാൽ പഴയ കെട്ടിടം പൊളിച്ചുമാറ്റി പുതിയ ഫ്ലാറ്റ് സമുച്ചയം നിർമ്മിക്കാൻ തീരുമാനിച്ചിരുന്നു. 2022 നവംബറിൽ പഴയ കെട്ടിടം പൊളിക്കുകയും ആഗസ്റ്റ് 26, 2023ന് പുതിയ കെട്ടിടത്തിന്റെ ശിലാസ്ഥാപനം നടത്തുകയും ഡിസംബറിൽ പ്രവൃത്തി ആരംഭിക്കുകയും ചെയ്തു. പൊതുമരാമത്ത് ഇ.പി.സി. മാതൃകയിൽ ആദ്യമായി നിർമ്മിച്ച കെട്ടിടമാണ്. ഊരാളുങ്കൽ ലേബർ കോൺട്രാക്ട് കോപ്പറേറ്റീവ് സൊസൈറ്റിയാണ് നിർമ്മാണം നിർവഹിച്ചത്. നിയമസഭാ സ്പീക്കർ, മുഖ്യമന്ത്രി, പ്രതിപക്ഷ നേതാവ് എന്നിവർ ഉൾപ്പെടുന്ന ഉന്നതതല സമിതിയുടെ മേൽനോട്ടത്തിലായിരുന്നു നിർമാണം.

## യുണിസെഫ് ആരോഗ്യവിദഗ്ധൻ ബാലാവകാശ കമ്മിഷൻ സന്ദർശിക്കും

ന്യൂയോർക്കിലെ യുണിസെഫ് സാംക്രമികേതര രോഗ വിദഗ്ധൻ റൗൾ ബർമിജോ ഫെബ്രുവരി 23 ഉച്ചക്ക് 2.30ന് ബാലാവകാശ കമ്മിഷൻ സന്ദർശിക്കും. യുണിസെഫ് ഇന്ത്യൻ പ്രതിനിധി ഡോ.വിവേക് വീരേന്ദ്ര സിംഗ് കേരള-തമിഴ്നാട് കമ്യൂണിക്കേഷൻ സ്പെഷ്യലിസ്റ്റ് ശ്യാം സുധീർ ബണ്ടി എന്നിവർ സംഘത്തിലുണ്ടാകും. യുണിസെഫ്, ബാലാവകാശ കമ്മിഷന് അഭിനന്ദന കത്ത് കൈമാറുന്ന ചടങ്ങ് മുഖ്യമന്ത്രിയുടെ ചേമ്പറിലാകും നടക്കുക. വൈകുന്നേരം 4 മണിക്ക് കമ്മിഷനും യൂണിസെഫ് പ്രതിനിധികളും തിരുവനന്തപുരം ഹയാത്ത് റീജൻസിയിൽ കുട്ടികൾ, മാധ്യമ പ്രതിനിധികൾ, നിയമസഭ സാമാജികർ എന്നിവരുമായി സംവദിക്കും. കുട്ടികളിലെ സാംക്രമികേതര രോഗങ്ങളുടെ പ്രതിരോധവും നിയന്ത്രണവും സംബന്ധിച്ച് കുട്ടികൾ, രക്ഷാകർത്താക്കൾ, ആരോഗ്യ വിദഗ്ധർ, അധ്യാപകർ, മാധ്യമ പ്രതിനിധികൾ, വിവിധ രാഷ്ട്രീയ കക്ഷി നേതാക്കൾ, നിയമസഭ സാമാജികർ എന്നിവരുമായി 2025ൽ കമ്മിഷൻ 5 യോഗങ്ങൾ സംഘടിപ്പിക്കുകയും വിശദമായ റിപ്പോർട്ട് സൽകുകയും ചെയ്തു. കമ്മിഷന്റെ പ്രവർത്തനങ്ങൾക്ക് വലിയ അംഗീകാരവും പിന്തുണയുമാണ് യുണിസെഫ് നൽകുന്നതെന്നും കമ്മിഷൻ ചെയർപേഴ്സൺ കെ.വി.മനോജ് കുമാർ അറിയിച്ചു.

# ഡോക്ടർമാരുടെ പണിമുടക്ക്: മെഡിക്കൽ കോളജിൽ രോഗികൾ വലഞ്ഞു ഒപിയിൽ തിക്കും തിരക്കും, പിജി വിദ്യാർഥികളുടെ പഠനം മുടങ്ങി

പേരൂർക്കട: സംസ്ഥാന വ്യാപകമായി ഡോക്ടർമാരുടെ സമരം നീളുന്നതിനാൽ മെഡിക്കൽ കോളജിലും രോഗികളും വലയുന്നു. അടിയന്തര പ്രാധാന്യമില്ലാത്ത ശസ്ത്രക്രിയകൾ ഡോക്ടർമാർ ബഹിഷ്കരിച്ചുകൊണ്ടാണ് ഇപ്പോൾ സമരം നടത്തിവരുന്നത്. ഇത് രോഗികളെ ബാധിക്കുന്നുണ്ട്. പിജി വിദ്യാർത്ഥികളും ഹൗസ് സർജന്മാരുമാണ് ദിവസങ്ങളായി ഒപിയിൽ രോഗികളെ പരിശോധിച്ചു വരുന്നത്.

ഡോക്ടർമാരുടെ സമരം മൂലം പിജി വിദ്യാർഥികളുടെ പഠനവും മുടങ്ങിയിരിക്കുകയാണ്. ഒപിയിൽ എത്തുന്ന രോഗികൾ ചികിത്സ കിട്ടാതെ വരുന്നതിനാൽ വാക്കേറ്റത്തിനു വരെ തയ്യാറാകുന്നുണ്ട്. വയോധികർ ഉൾപ്പെടെയുള്ളവർ ബന്ധുക്കളുമൊത്ത് ആശുപത്രിയിൽ എത്തി കാത്തിരുന്ന് തിരികെപ്പോകുന്ന അവസ്ഥ ഇന്നലെയും ഉണ്ടായി. പലരും ഡോക്ടർമാർ ഉണ്ടാകുമെന്നും പരിശോധിക്കുമെന്നുമുള്ള പ്രതീക്ഷയിലാണ് എത്തിച്ചേരുന്നത്.

ദൂരെസ്ഥലങ്ങളിൽ നിന്ന് എത്തി ചികിത്സതേടി പോകാം എന്ന ധാരണയിൽ മെഡിക്കൽകോളജിൽ തമ്പടിച്ച് രണ്ടുദിവസമായി കാത്തുനിൽക്കുന്നവരും ഇക്കൂട്ടത്തിലുണ്ട്. കാഷ്വാലിറ്റി, ലേബർ റൂം, ഐസിയു എന്നിവയെ സമരത്തിൽ നിന്ന് ഒഴിവാക്കിയിട്ടുണ്ടെങ്കിലും കൂടുതൽ ആളുകൾ എത്തിച്ചേരുന്ന ഒപിയിലുള്ള തിരക്കും വാക്കേറ്റങ്ങളും നിയന്ത്രിക്കാൻ സാധിക്കുന്നില്ല.

26 മുതൽ എല്ലാ പരീക്ഷാ ജോലികളിൽ നിന്നും വിട്ടുനിൽക്കാൻ ഡോക്ടർമാർ തീരുമാനിച്ചിരിക്കുകയാണ്. വിവിധ താലൂക്കുകളിൽ നിന്നും ദൂരെ ജില്ലകളിൽ നിന്നുപോലും തിരുവനന്തപുരം മെഡിക്കൽകോളജിലേക്ക് രോഗികൾ എത്തുന്നുണ്ട്. ഇവരെ എങ്ങനെ ഉൾക്കൊള്ളുമെന്ന കാര്യംപോലും സർക്കാർ ആലോചിച്ചിട്ടില്ല.

സമരം നടത്തുന്ന ഡോക്ടർമാർക്ക് ഡയസ്നോൺ ബാധകമാക്കാൻ സർക്കാർ തീരുമാനമെടുത്തിരുന്നു. കുറച്ചുപേരെങ്കിലും സമരത്തിൽ നിന്നു പിന്മാറുമെന്ന ധാരണയിലായിരുന്നു ഇത്. എന്നാൽ ദിനംപ്രതി മെഡിക്കൽകോളജിലെ ചികിത്സാ പ്രതിസന്ധി തുടരുന്ന കാഴ്ചയാണ് കണ്ടുവരുന്നത്.

നെടുമങ്ങാട് ജില്ലാ ആശുപത്രി: ഒപി സേവനങ്ങൾ തുടർന്നും ബഹിഷ്കരിക്കും

നെടുമങ്ങാട്: നെടുമങ്ങാട് ജില്ലാ ആശുപത്രിയിൽ ഡോക്ടർമാരുടെ പണിമുടക്ക് രണ്ടാം ദിവസത്തിലേക്ക് കടന്നു നെടുമങ്ങാട് ജില്ലാ ആശുപത്രി ഒപി കൗണ്ടറുകൾ പ്രവർത്തനരഹിതമാണ്.

## ഓൺലൈൻ ഗെയിം ടാസ്കിനു പിന്നാലെ ആത്മഹത്യ 17കാരൻെറ മരണത്തിൽ അന്വേഷണം

കൊച്ചി: എറണാകുളം ഞാറയ്ക്കലിൽ മരിച്ച പതിനേഴുകാരൻ ഓൺലൈൻ ഗെയിമിന് അഡിക്ട് ആണെന്ന നിഗമനത്തിൽ പോലീസ്. ടർഫിൽ കളിക്കാനെന്ന് പറഞ്ഞ് വീട്ടിൽ നിന്നും ഇറങ്ങിയ അർജുൻ കുമാറിനെ വെള്ളിയാഴ്ചയാണ് എളങ്കുന്നപ്പുഴ ബീച്ചിൽ മരിച്ച നിലയിൽ കണ്ടെത്തിയത്. ഗെയിം ടാസ്ക്കിൻെറ ഭാഗമായാണോ കുട്ടി കടലിൽ ചാടി മരിച്ചതെന്ന് പോലീസ് പരിശോധിക്കും.

കുട്ടി സ്ഥിരമായി ഫ്രീ ഫയർ എന്ന ഗെയിം കളിക്കാറുണ്ടെന്ന് മാതാപിതാക്കൾ മൊഴി നൽകിയിരുന്നു. ഗെയിം അഡിക്ഷൻ ആത്മഹത്യയിലേക്ക് നയിച്ചോ എന്ന അന്വേഷണത്തിലാണ് പോലീസ്. എറണാകുളം ജനറൽ ആശുപത്രിയിലുള്ള മൃതദേഹം ഇന്ന് പോസ്റ്റ്മോർട്ടം ചെയ്യും. ഇതിന് ശേഷം മാത്രമേ ആത്മഹത്യയാണോയെന്ന് സ്ഥിരീകരിക്കാനാവുകയുള്ളൂ.

വ്യാഴാഴ്ച ഉച്ചയ്ക്കാണ് അർജുൻ വീട്ടിൽ നിന്നും ഇറങ്ങിയത്. വൈകുന്നേരമായിട്ടും കുട്ടിയെ കാണാതായതോടെ അർജുന്റെ പിതാവ് ഞാറയ്ക്കൽ പോലീസിൽ പരാതി നൽകിയിരുന്നു. തുടർന്ന് നടത്തിയ അന്വേഷണത്തിൽ കുട്ടി ചാപ്പ ബീച്ചിലൂടെ തനിയെ നടന്നു പോകുന്നതായി സിസിടിവി ദൃശ്യങ്ങളിൽ കണ്ടെത്തി. വെള്ളിയാഴ്ചയാണ് മൃതദേഹം കണ്ടെത്തിയത്.

## മലപ്പുറത്ത് 924 ഗ്രാം കഞ്ചാവുമായി രണ്ട് യുവാക്കൾ അറസ്റ്റിൽ

മലപ്പുറം: പെരുമ്പടപ്പിൽ ബൈക്കിൻറെ ടാങ്ക് കവറിനുള്ളിൽ ഒളിപ്പിച്ചു കടത്തുകയായിരുന്ന കഞ്ചാവുമായി യുവാക്കൾ അറസ്റ്റിൽ. പെരുമ്പടപ്പ് എൻ. കെ. റോഡ് മാക്കാലിക്കൽ വീട്ടിൽ നജീബ് (38), കിഴക്കുമുറി പെരുമ്പുംകാട്ടിൽ വീട്ടിൽ ഷഹീദ് (38) എന്നിവരാണ് അറസ്റ്റിലായത്.

വെള്ളിയാഴ്ച പുലർച്ചെ പെരുമ്പടപ്പ് പാറ ജംഗ്ഷനു സമീപം നടത്തിയ വാഹന പരിശോധനക്കിടെയാണ് പ്രതികൾ വലയിലായത്. പുലർച്ചെ 12.20ന് എരമംഗലം ഭാഗത്തുനിന്ന് മോട്ടോർ സൈക്കിളിൽ എത്തിയ പ്രതികൾ പോലീസിനെ കണ്ടതോടെ പരിഭ്രമിച്ചു. ഇവർ വാഹനം തിരിച്ചുവിടാൻ ശ്രമിച്ചു. സംശയം തോന്നിയ പോലീസ് ഇവരെ തടഞ്ഞുനിർത്തി പരിശോധിക്കുകയായിരുന്നു. 924 ഗ്രാം കഞ്ചാവാണ് ബൈക്കിൻറെ ടാങ്ക് കവറിനുള്ളിൽ നിന്നും പരിശോധനയിൽ കണ്ടെത്തിയത്. പെരുമ്പടപ്പ് എസ്എച്ച്ഒ സി. വി. ബിജുവിൻറെ നേതൃത്വത്തിലായിരുന്നു പരിശോധന. സബ് ഇൻസ്പെക്ടർ പി. ബസന്ത്, എഎസ്ഐ ഉഷ, സിപിഒമാരായ ശ്രീകുമാർ, വിഷ്ണു തമ്പാൻ, ഗണേഷ്, മുകേഷ് എന്നിവരടങ്ങുന്ന സംഘമാണ് പ്രതികളെ പിടികൂടിയത്. ഇവരെ അറസ്റ്റ് രേഖപ്പെടുത്തിയ ശേഷം കോടതിയിൽ ഹാജരാക്കി.

# ചികിത്സ വേണ്ടത് സിസ്റ്റത്തിന്; വീണാ ജോർജിനെ വെല്ലുവിളിച്ച് കെജിഎംസിടിഎ

തിരുവനന്തപുരം: ആലപ്പുഴ മെഡിക്കൽ കോളജിലെ ചികിത്സാ പിഴവിൽ ഡോ. ഷാഹിദയെ സസ്പെൻഡ് ചെയ്തതിൽ രൂക്ഷ പ്രതികരണവുമായി ഡോക്ടർമാരുടെ സംഘടന കെജിഎംസിടിഎ.

ചികിത്സ വേണ്ടത് സിസ്റ്റത്തിനാണെന്നും ഒറ്റമൂലി കൊണ്ട് പരിഹാരം കാണാനാവില്ലെന്നും സംഘടന പറഞ്ഞു.

അന്വേഷണം പൂർത്തിയാകും മുൻപുള്ള സസ്പെൻഷൻ അംഗീകരിക്കാനാവില്ല. സിസ്റ്റം ഇങ്ങനെ എങ്കിൽ ഇനിയും ഇത്തരം സംഭവങ്ങൾ ആവർത്തിക്കപ്പെടും. ആവശ്യത്തിന് ജീവനക്കാരില്ലെന്ന് പത്ത് വർഷമായി പറയുന്നു. ആശുപത്രികൾ ജോലി ചെയ്യുന്നത് മന്ത്രിയല്ല. ഡോക്ടർമാരാണ്. ആശുപത്രികളിലെ കുറവ് അറിയുന്നത് ഞങ്ങൾക്കാണെന്നും എല്ലാ സൗകര്യവും ഉണ്ടെന്നാണോ കരുതുന്നതെന്നും ഇവർ ചോദിച്ചു.

ആരോഗ്യ മന്ത്രി സംവാദത്തിന് തയാറാണോയെന്നും ഡോക്ടർമാർ ചോദിച്ചു. ഒരിക്കൽ പോലും കുറവുകൾ പരിഹരിക്കാമെന്ന് മന്ത്രി പറഞ്ഞിട്ടില്ല. പരിമിതികൾ സഹിച്ച് ഇനി ജോലി ചെയ്യാനില്ലെന്നും ഡോക്ടർമാർ മുന്നറിയിപ്പ് നൽകി. സിസ്റ്റത്തിൻറെ പരാജയം ഇല്ലാതാക്കാൻ ശ്രമിക്കേണ്ടത് തലപ്പത്ത് ഇരിക്കുന്നവരാണെന്നും ഡോക്ടർമാർ വ്യക്തമാക്കി.

# ഐടി പാർക്കിനായി ടെക്നോപാർക്ക് – ഹൈലൈറ്റ് ഗ്രൂപ്പ് ധാരണാപത്രം

## 'യൂ ഹബ് ട്രിവാൻഡ്രം ബൈ ഹൈലൈറ്റ്' പദ്ധതി നടപ്പിലാക്കുന്നത് ഫേസ്– 3 കാമ്പസിൽ




**ഐടി പാർക്കിനായുള്ള ടെക്നോപാർക്ക് -ഹൈലൈറ്റ് ഗ്രൂപ്പ് ധാരണാപത്രം സംസ്ഥാന സർക്കാരിന്റെ ഇലക്ട്രോണിക്സ്- ഐടി വകുപ്പ് സ്പെഷ്യൽ സെക്രട്ടറിയും മുഖ്യമന്ത്രിയുടെ സ്പെഷ്യൽ ഡ്യൂട്ടി ഓഫീസറുമായ സീറാം സാംബശിവ റാവു ഐഎഎസിന്റെ സാന്നിധ്യത്തിൽ ടെക്നോപാർക്ക് സിഇഒ സന്ദീപ് കുമാർ ഐഎഎസും ഹൈലൈറ്റ് ഗ്രൂപ്പ് സിഇഒ അജിൽ മുഹമ്മദും കൈമാറുന്നു. ഹൈലൈറ്റ് പ്രോപ്പർട്ടീസ് സിഇഒ മുഹമ്മദ് ഷഫീഖ് .പി, ഹൈലൈറ്റ് ബിസിനസ് പാർക്ക് എക്സിക്യൂട്ടീവ് ഹെഡ് ഹനു ഷെൽക്ക് എന്നിവർ സമീപം.**

തിരുവനന്തപുരം: ടെക്നോപാർക്ക് ഫേസ്-3 യിൽ ഐടി പാർക്ക് നിർമ്മിക്കുന്നതിനായി റിയൽ എസ്റ്റേറ്റ് മേഖലയിലെ മുൻനിരക്കാരായ ഹൈലൈറ്റ് ഗ്രൂപ്പും ടെക്നോപാർക്കും തമ്മിൽ ധാരണാപത്രം ഒപ്പിട്ടു. ആദ്യമായാണ് ഹൈലൈറ്റ് ഗ്രൂപ്പ് തലസ്ഥാന നഗരത്തിലെ നിർമ്മാണ പദ്ധതികളുടെ ഭാഗമാകുന്നത്. 'യൂ ഹബ് ട്രിവാൻഡ്രം ബൈ ഹൈലൈറ്റ്' എന്ന പദ്ധതിയിലൂടെ 1.88 ഏക്കർ സ്ഥലത്ത് 5.15 ലക്ഷം ചതുരശ്ര അടി വിസ്തീർണ്ണമുള്ള ഐടി കെട്ടിടമാണ് വിഭാവനം ചെയ്യുന്നത്.

സംസ്ഥാന സർക്കാരിൻറെ ഇലക്ട്രോണിക്സ്- ഐടി വകുപ്പ് സ്പെഷ്യൽ സെക്രട്ടറിയും മുഖ്യമന്ത്രിയുടെ സ്പെഷ്യൽ ഡ്യൂട്ടി ഓഫീസറുമായ സീറാം സാംബശിവ റാവു ഐഎഎസിൻറെ സാന്നിധ്യത്തിൽ ടെക്നോപാർക്ക് സിഇഒ സന്ദീപ് കുമാർ ഐഎഎസും ഹൈലൈറ്റ് ഗ്രൂപ്പ് സിഇഒ അജിൽ മുഹമ്മദും ഇതു സംബന്ധിച്ച ധാരണാപത്രം കൈമാറി.കേരളത്തിലെ ഐടി പാർക്കുകളുടെ രജിസ്ട്രാർ ഷൈജു എൻ ലാൽ, സിഎഫ്ഒ വിപിൻ കുമാർ എസ്, ടെക്നോപാർക്ക് സിടിഒ മാധവൻ പ്രവീൺ, ഡെപ്യൂട്ടി വൈസ് പ്രസിഡൻറ് (മാർക്കറ്റിംഗ് & കസ്റ്റമർ റിലേഷൻഷിപ്പ്) വസന്ത് വരദ, അസിസ്റ്റൻറ് വൈസ് പ്രസിഡൻറ് (അഡ്മിനിസ്ട്രേഷൻ & ഇൻഡസ്ട്രിയൽ റിലേഷൻസ്) അഭിലാഷ് ഡി എസ്, ഹൈലൈറ്റ് പ്രോപ്പർട്ടീസ് സിഇഒ മുഹമ്മദ് ഷഫീഖ് .പി, ഹൈലൈറ്റ് ബിസിനസ് പാർക്ക് എക്സിക്യൂട്ടീവ് ഹെഡ് ഹനു ഷെൽക്ക്, ടെക്നോപാർക്കിലെ മറ്റ് ഉദ്യോഗസ്ഥർ എന്നിവരും പങ്കെടുത്തു.

തലസ്ഥാന നഗരത്തിൽ സ്ഥലലഭ്യതയ്ക്ക് ആവശ്യകത ഏറെയാണെന്ന് സന്ദീപ് കുമാർ ഐഎഎസ് ചൂണ്ടിക്കാട്ടി. ടെക്നോപാർക്കിലെ പദ്ധതിയിലൂടെ തിരുവനന്തപുരത്ത് ഒരു പുതിയ തുടക്കമിടാൻ ഹൈലൈറ്റിന് സാധിക്കും. ടെക്നോസിറ്റി ഫേസ്-4 ലെ വിവിധ നിർമ്മാണ പദ്ധതികളുടെ ഭാഗമാകുന്നതിനും ഹൈലൈറ്റ് ഗ്രൂപ്പിന് ശ്രമിക്കാനാകും. പദ്ധതി സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് ടെക്നോപാർക്കിൻറെ പിന്തുണയുണ്ടാകുമെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

അടുത്ത അഞ്ചു വർഷത്തിനുള്ളിൽ കേരളത്തിലുടനീളം മൊത്തം 50 ദശലക്ഷം സ്ക്വയർ ഫീറ്റിൽ കെട്ടിടങ്ങൾ വിഭാവനം ചെയ്യുന്ന ഹൈലൈറ്റ് ഗ്രൂപ്പിൻറെ ലക്ഷ്യത്തിലെ സുപ്രധാന നാഴികക്കല്ലാണിതെന്ന് ഹൈലൈറ്റ് ഗ്രൂപ്പ് സിഇഒ അജിൽ മുഹമ്മദ് പറഞ്ഞു. സംസ്ഥാനത്തെ ആദ്യത്തെ ബ്രാൻഡഡ് ഐടി പാർക്ക് എന്ന നിലയിൽ ഈ പദ്ധതിയുടെ വ്യാപ്തിയും ഗുണനിലവാരവും ഉദ്ദേശ്യലക്ഷ്യവും പരിഗണിച്ചു കൊണ്ടായിരിക്കും നിർമ്മാണം പൂർത്തീകരിക്കുന്നതെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.ബേസ്മെൻറും ഗ്രൗണ്ട് ഫ്ളോറും 16 നിലകളുമുള്ള കെട്ടിടത്തിൻറെ നിർമ്മാണം ഉടൻ ആരംഭിക്കും. പദ്ധതി മൂന്ന് വർഷത്തിനുള്ളിൽ പൂർത്തിയാകുമെന്ന് പ്രതീക്ഷിക്കുന്നു.ആഡംബര റിയൽ എസ്റ്റേറ്റ്, ഡിസൈൻ അധിഷ്ഠിത വികസനങ്ങൾ എന്നിവയിൽ ആഗോളതലത്തിൽ പേരുകേട്ട അന്താരാഷ്ട്ര പ്രശസ്ത ഡിസൈൻ ബ്രാൻഡായ 'യൂ' യുമായി സഹകരിച്ചാണ് നിർദ്ദിഷ്ട പദ്ധതി നടപ്പിലാക്കുന്നത്. ആദ്യമായാണ് ആഗോള തലത്തിൽ 'യൂ' ഒരു ബ്രാൻഡഡ് ഐ ടി പാർക്ക് പദ്ധതിയിൽ പങ്കാളിയാകുന്നത്

പദ്ധതിയിലൂടെ ഐടി മേഖലയിൽ ഏകദേശം 4,000 നേരിട്ടുള്ള തൊഴിലവസരങ്ങൾ സൃഷ്ടിക്കപ്പെടുമെന്ന് പ്രതീക്ഷിക്കുന്നു. ഇത് കേരളത്തിൻറെ സാങ്കേതിക ആവാസവ്യവസ്ഥയെയും, വ്യവസായ മുന്നേറ്റത്തെയും ശക്തിപ്പെടുത്താൻ സഹായിക്കും.2030 ഓടെ കേരളത്തിലുടനീളം 50 ദശലക്ഷം സ്ക്വയർ ഫീറ്റിൽ നിർമ്മാണ പ്രവർത്തനങ്ങൾ വ്യാപിപ്പിക്കുമെന്ന കാഴ്ചപ്പാട് ഹൈലൈറ്റ് ഗ്രൂപ്പ് പ്രഖ്യാപിച്ചതിന് തൊട്ടുപിന്നാലെയാണ് ധാരണാപത്രം ഒപ്പുവച്ചതെന്നത് ശ്രദ്ധേയം.

## ഡി എൻ ബി: സ്ട്രേ വേക്കൻസി അലോട്ട്മെന്റ്

2025-ലെ ഡിഎൻബി (പോസ്റ്റ് എംബിബിഎസ്) ഒഴിവുള്ള സീറ്റുകളിലേയ്ക്കുള്ള സ്ട്രേ വേക്കൻസി അലോട്ട്മെന്റിനായി ഓപ്ഷൻ രജിസ്റ്റർ ചെയ്യുന്നതിനുള്ള സൗകര്യം ഫെബ്രുവരി 22 രാത്രി 11.59 വരെ പ്രവേശന പരീക്ഷാ കമ്മീഷണറുടെ വെബ്സൈറ്റിൽ ലഭിക്കും. വിശദ വിവരങ്ങൾക്ക് 0471-2525300.

## പി. ജി. മെഡിക്കൽ കോഴ്സ് പ്രവേശനം ഓൺലൈൻ ഓപ്ഷൻ രജിസ്ട്രേഷൻ സൗകര്യം ലഭ്യമാക്കി

2025-ലെ പി.ജി. മെഡിക്കൽ കോഴ്സുകളിലേയ്ക്കുള്ള സ്ട്രേ വേക്കൻസി അലോട്ട്മെന്റിനായി ഗവൺമെന്റ് / സ്വാശ്രയ മെഡിക്കൽ കോളേജുകളിലേയും ഒഴിവുള്ള സീറ്റുകളിലേയ്ക്ക് ഓപ്ഷൻ രജിസ്റ്റർ ചെയ്യുന്നതിനുള്ള സൗകര്യം ഫെബ്രുവരി 22 രാത്രി 11.59 വരെ പ്രവേശന പരീക്ഷാ കമ്മീഷണറുടെ വെബ്സൈറ്റിൽ ലഭിക്കും. വിശദ വിവരങ്ങൾക്ക്: 0471-2525300.

## സ്പോർട്സ് ക്വാട്ട നിയമനം

മികച്ച കായികതാരങ്ങൾക്ക് സർക്കാർ സർവീസിൽ നിയമനം നൽകുന്ന പദ്ധതി പ്രകാരം 2015, 2016 കലണ്ടർ വർഷങ്ങളിലെ നോൺ ജോയിനിങ് ഒഴിവുകൾ നികത്തുന്നതിലേക്കായി 12 കായികതാരങ്ങളെ ഉൾപ്പെടുത്തിയ സെലക്ട് ലിസ്റ്റ് പ്രസിദ്ധീകരിച്ചു. www.sportscouncil.kerala.gov.in, www.prd.kerala.gov.in വെബ്സൈറ്റുകൾ മുഖേന ഉദ്യോഗാർഥികൾക്ക് ലിസ്റ്റ് പരിശോധിക്കാം.

## കുടുംബശ്രീയിൽ കരാർ നിയമനം

കുടുംബശ്രീ സംസ്ഥാന മിഷനിൽ ഒഴിവുള്ള അസിസ്റ്റന്റ് പബ്ലിക് റിലേഷൻസ് ഓഫീസറുടെ കരാർ നിയമനത്തിന് അപേക്ഷ ക്ഷണിച്ചു. അംഗീകൃത സർവകലാശാലയിൽ നിന്നുള്ള ബി.എ/ ബി.എസ്.സി/ ബി.കോം ഡിഗ്രിയാണ് യോഗ്യത. സർക്കാർ പബ്ലിസിറ്റി ഓർഗനൈസേഷനിലോ/ പ്രൈവറ്റ് ഓർഗനൈസേഷനുകളിലെ പബ്ലിസിറ്റി ഡിപ്പോർട്ട്മെന്റിലോ/ ന്യൂസ്പേപ്പർ ന്യൂസ് ഏജൻസികളിലെ എഡിറ്റോറിയൽ വിഭാഗത്തിലോ രണ്ടു വർഷത്തെ പ്രവൃത്തി പരിചയം വേണം. പ്രായപരിധി 31.01.2026ന് 35 വയസ് കവിയരുത്. വേതനം പ്രതിമാസം 32,550 രൂപ. അപേക്ഷകൾ മാർച്ച് 10 വൈകിട്ട് 5നകം www.cmd.kerala.gov.in മുഖേന ഓൺലൈനായി സമർപ്പിക്കണം.

## കൈയേറ്റം ഒഴിപ്പിച്ചു; തഹസിൽദാരുടെ കൈയും കാലും തല്ലിയൊടിക്കുമെന്ന് ദേവികുളം എംഎൽഎ

മൂന്നാർ: കൈയേറ്റം ഒഴിപ്പിച്ച സ്പെഷ്യൽ തഹസിൽദാരുടെ കൈയും കാലും തല്ലിയൊടിക്കുമെന്ന് എ. രാജ എംഎൽഎ. മൂന്നാർ സ്പെഷ്യൽ തഹസിൽദാർ സി. വി. ഗായത്രിയെയാണ് ഫോണിൽ വിളിച്ച് രാജ ഭീഷണിപ്പെടുത്തിയത്.മൂന്നാറിലെ കൈയ്യേറ്റം ഒഴിപ്പിക്കലുമായി ബന്ധപ്പെട്ടാണ് ഭീഷണി. സ്പെഷ്യൽ തഹസീൽദാരുടെ നേതൃത്വത്തിലുള്ള സംഘം മൂന്നാർ ടൗണിൽ കൈയ്യേറ്റ ഭൂമിയിലെ നിർമാണങ്ങൾക്ക് സ്റ്റോപ്പ് മെമ്മോ നൽകിയിരുന്നു. ഇവർ പരാതിയുമായി എംഎൽഎയെ സമീപിച്ചു.

ജീവനക്കാരിൽ ചിലർ കൈക്കൂലി വാങ്ങി കൈയ്യേറ്റങ്ങൾക്ക് ഒത്താശ ചെയ്യുന്നുവെന്നും ഇവർക്കെതിരെ നടപടി സ്വീകരിക്കുമോയെന്നും എംഎൽ എ ചോദിച്ചു. വിവരം നൽകിയാൽ റിപ്പോർട്ട് ചെയ്യാമെന്ന് തഹസീൽദാർ മറുപടിയും പറഞ്ഞു. ഇതിനിടെയാണ് ജീവനക്കാർക്കെതിരെ എംഎൽഎയുടെ ഭീഷണി. സംഭവത്തിൽ നിയമ നടപടി സ്വീകരിക്കുമെന്ന് ഗായത്രി പറഞ്ഞു. ഉദ്യോഗസ്ഥർ കൈക്കൂലി വാങ്ങുന്നുണ്ടെങ്കിൽ അതിനെതിരെ വിജിലൻസിനോ പോലീസിനോ പരാതി നൽകണം. വധഭീഷണി മുഴക്കുന്നത് അംഗീകരിക്കാനാവില്ലെന്നും വിമർശനം ഉയർന്നു.

## പത്തനംതിട്ട ടൗൺഹാളിലെ വീണാ ജോർജിൻെറ പരിപാടിയിൽ പ്രതിഷേധം; യോഗം അലങ്കോലപ്പെട്ടു

പത്തനംതിട്ട: പത്തനംതിട്ട ടൗൺഹാളിലെ ആരോഗ്യമന്ത്രി വീണാ ജോർജിൻറെ പരിപാടിയിൽ പ്രതിഷേധം. മന്ത്രി പങ്കെടുത്ത യോഗത്തിലാണ് കോൺഗ്രസ് ജനപ്രതിനിധികളുടെ പ്രതിഷേധമുണ്ടായത്. ഇതോടെ യോഗം അലങ്കോലപ്പെടുകയായിരുന്നു.

ജനറൽ ആശുപത്രി ജില്ലാ പഞ്ചായത്തിലേക്ക് മാറ്റിയതിൽ അടക്കമായിരുന്നു മന്ത്രിക്കുനേരെ പ്രതിഷേധം ഉണ്ടായത്. പ്രതിഷേധം എൽഡിഎഫ് പ്രതിനിധികൾ പ്രതിരോധിച്ചതോടെ സ്ഥലത്ത് സംഘർഷമുണ്ടായി. ഇതോടെ യോഗം നിർത്തിവയ്ക്കുകയായിരുന്നു.

ഹാളിൽ എൽഡിഎഫ്-യുഡിഎഫ് പ്രവർത്തകർ തമ്മിൽ കൂക്കിവിളിച്ചതോടെ പോലീസെത്തി നിയന്ത്രിച്ചു. പ്രതിഷേധത്തിനിടെ മാധ്യമങ്ങൾക്ക് നേരെ മന്ത്രി വിമർശനമുന്നയിച്ചു. ആരോഗ്യമന്ത്രി രാജിവയ്ക്കണമെന്നാവശ്യപ്പെട്ട് കൊല്ലത്തും പ്രതിപക്ഷ പാർട്ടികളുടെ പ്രതിഷേധം നടന്നു. വണ്ടാനം മെഡിക്കൽ കോളജിൽ ശസ്ത്രക്രിയക്കിടെ രോഗിയുടെ വയറ്റിൽ ഉപകരണം കുടുങ്ങിയ സംഭവത്തിലാണ് പ്രതിഷേധം കനക്കുന്നത്.

രാവിലെ തിരുവനന്തപുരത്ത് കടുത്ത പ്രതിഷേധവുമായി യൂത്ത് കോൺഗ്രസ് രംഗത്തെത്തിയിരുന്നു. ആരോഗ്യമന്ത്രി വീണ ജോർജിൻറെ ഔദ്യോഗിക വസതിക്ക് മുന്നിൽ റീത്തുമായി എത്തിയായിരുന്നു യൂത്ത് കോൺഗ്രസ് പ്രവർത്തകരുടെ പ്രതിഷേധം.

രാവിലെ എട്ട് മണിയോടെ വീണ ജോർജിൻറെ വീടിന് മുന്നിൽ പൊലീസിനെ മറി കടന്ന് ഇരച്ച് കയറിയ പ്രവർത്തകർ വീടിൻറെ വാതിലിൽ റീത്ത് വച്ചു. പിന്നീട് പോലീസ് ഉദ്യോഗസ്ഥർ റീത്ത് എടുത്ത് മാറ്റി.

## 33 കുട്ടികളെ ലൈംഗികമായി പീഡിപ്പിച്ച യുപി ദമ്പതികൾക്കു വധശിക്ഷ

ന്യൂഡൽഹി: 33 കുട്ടികളെ ലൈംഗികമായി പീഡിപ്പിച്ച കേസിൽ ഉത്തർപ്രദേശിൽ സുപ്രധാന വിധി. ഉത്തർപ്രദേശിലെ പോക്സോ കോടതി ദമ്പതികൾക്കു വധശിക്ഷ വിധിച്ചു. പ്രതികളായ രാംഭവൻ, ഭാര്യ ദുർഗാവതി എന്നിവർക്കാണ് കുട്ടികളെ ലൈംഗികമായി ചൂഷണം ചെയ്ത കേസിൽ വധശിക്ഷ കിട്ടിയത്. പീഡിപ്പിക്കപ്പെട്ടവരിൽ മൂന്നു വയസുള്ള കുട്ടികൾ പോലുമുണ്ട്. യുപിയിലെ ബന്ദയിലെ പോക്സോ പ്രത്യേക കോടതിയാണ് പ്രധാന വിധി പ്രഖ്യാപിച്ചത്.

പ്രകൃതിവിരുദ്ധ പീഡനം, ലൈംഗിക കുറ്റകൃത്യങ്ങൾ, കുട്ടികളുടെ അശ്ലീലസാഹിത്യം, ക്രിമിനൽ ഗൂഢാലോചന എന്നീ കുറ്റകൃത്യങ്ങൾ പ്രതികൾ ചെയ്തതായി കോടതി കണ്ടെത്തി. പീഡനത്തിന് ഇരയായ ഓരോ കുട്ടിക്കും 10 ലക്ഷം രൂപ നഷ്ടപരിഹാരം നൽകാൻ കോടതി സർക്കാരിനോട് ഉത്തരവിട്ടു. ഇതിനുപുറമെ, പ്രതിയുടെ പക്കൽനിന്നു കണ്ടുകെട്ടുന്ന തുകയും ഇരകൾക്കു തുല്യമായി വിതരണം ചെയ്യണമെന്നും കോടതി പറഞ്ഞു. സിബിഐ കണ്ടെത്തൽ കുട്ടികളെ ലൈംഗികമായി പീഡിപ്പിച്ചുവെന്നാരോപിച്ച് 2020 ഒക്ടോബറിൽ സെൻട്രൽ ബ്യൂറോ ഓഫ് ഇൻവെസ്റ്റിഗേഷൻ (സിബിഐ) രാംഭവനും മറ്റുള്ളവർക്കുമെതിരെ കേസ് ഫയൽ ചെയ്തിരുന്നു. അന്വേഷണത്തിൽ, പ്രതികൾ ലൈംഗിക കുറ്റകൃത്യങ്ങൾ ചെയ്തതായി സിബിഐ കണ്ടെത്തി. ക്രൂരമായ പീഡനങ്ങളാണ് ഇവരിൽനിന്നു കുട്ടികൾക്കു നേരിടേണ്ടി വന്നത്. പലരുടെയും സ്വകാര്യ ഭാഗങ്ങളിൽ പരിക്കേറ്റിരുന്നു. ചിലർക്കു വർഷങ്ങളോളം ആശുപത്രികളിൽ കഴിയേണ്ടിവന്നു. ശരീരത്തിൻറെ പല ഭാഗങ്ങളിൽ പരിക്കേറ്റവരുണ്ട്. മാനസികാഘാതം വേറെ.

സമ്മാനങ്ങൾ നൽകി

പ്രതികൾ 2010 നും 2020 നും ഇടയിൽ യുപിയിലെ ബന്ദയിലും ചിത്രകൂടിലും പ്രവർത്തിച്ചിരുന്നു. രാംഭവൻ ജലസേചന വകുപ്പിൽ ജൂനിയർ എൻജിനിയറായി ജോലി ചെയ്തിരുന്നു. ഓൺലൈൻ വീഡിയോ ഗെയിമുകൾ കാണിച്ചും പണവും സമ്മാനങ്ങളും നൽകിയുമാണ് രാംഭവൻ കുട്ടികളെ ആകർഷിച്ചിരുന്നത്.

കേസ് ഏറ്റെടുത്ത സിബിഐ കുട്ടികളെ വൈദ്യപരിശോധനയ്ക്കു വിധേയരാക്കി. അവർക്കു കൗൺസലിംഗ് നൽകി. ഫോറൻസിക്, ഡിജിറ്റൽ തെളിവുകളും പ്രതികൾക്കെതിരേ കോടതിയിൽ ഹാജരാക്കി. 2021 ഫെബ്രുവരിയിൽ രാംഭവനും ഭാര്യയ്ക്കുമെതിരെ സിബിഐ കുറ്റപത്രം സമർപ്പിച്ചു. സമാനതകളില്ലാത്ത ക്രൂരതയും കുറ്റകൃത്യങ്ങളുടെ വ്യവസ്ഥാപിത സ്വഭാവവും കണക്കിലെടുത്താൽ കേസ് 'അപൂർവങ്ങളിൽ അപൂർവം' ആണെന്നു കോടതി പറഞ്ഞു. ഒന്നലധികം ജില്ലകളിലായി വ്യാപിച്ചുകിടക്കുന്ന കുറ്റകൃത്യ പരമ്പര പ്രതികൾ ചെയ്ത ഹീന കൃത്യത്തെ വെളിപ്പെടുത്തുന്നതായി കോടതി ചൂണ്ടിക്കാട്ടി. പരമാവധി ശിക്ഷയ്ക്ക് അർഹമാണ് കുറ്റമെന്നു കോടതി പറഞ്ഞു.

## മന്ത്രിമാരുടെ വീട്ടിൽ റീത്ത് വയ്ക്കാൻ പറയുന്നതല്ല എൻെറ ജോലി: വി. ഡി. സതീശൻ

കൊച്ചി: തൻറെ ഔദ്യോഗിക വസതിക്ക് നേരെ യൂത്ത് കോൺഗ്രസ് നടത്തിയ അതിക്രമത്തിന് പിന്നിൽ പ്രതിപക്ഷ നേതാവ് വി. ഡി. സതീശനാണെന്ന വീണാ ജോർജിൻറെ ആരോപണത്തിന് മറുപടിയായി പ്രതിപക്ഷ നേതാവ്. മന്ത്രിമാരുടെ വീട്ടിൽ റീത്ത് വെക്കാൻ പറയുന്നതല്ല തൻറെ ജോലി. മന്ത്രിമാരുടെ വീട്ടിലേക്ക് കയറിയുള്ള സമരത്തോട് യോജിപ്പില്ല. തൻറെ ഔദ്യോഗിക വസതിയിലേക്കും പറവൂരിലെ വീട്ടിലേക്കു ഡിവൈഎഫ്ഐ പ്രതിഷേധം നടത്തി. എന്നാൽ കേസ് എടുത്തത് തന്നെ കാണാൻ വന്നവർക്കെതിരെയാണെന്നും അദ്ദേഹം പറഞ്ഞു. കേരളത്തിൽ ആരോഗ്യ മേഖലയിലെ സിസ്റ്റം തകർന്നിരിക്കുകയാണ്. പൊതുആരോഗ്യ മേഖല സംരക്ഷിക്കപ്പെടണം. യുഡിഎഫ് അധികാരത്തിൽ വരുമ്പോൾ ആരോഗ്യ മേഖലയിൽ സമഗ്രമാറ്റമുണ്ടാകും. ശബരിമല സ്വർണ്ണക്കൊള്ളയിൽ തന്ത്രിയുടെ പങ്ക് എസ്ഐടി വ്യക്തമാക്കണം. തെളിവുകൾ ഹാജരാക്കുന്നതിൽ പരാജയപ്പെട്ടുവെന്നാണ് കോടതി പറഞ്ഞത്. അറസ്റ്റിന് പിന്നിൽ ഗൂഢാലോചന സംശയിക്കുന്നു. സർക്കാരിന് എതിരായ ആരോപണം വഴി തിരിച്ച് വിടാനാണ് ശ്രമിച്ചത്. തന്ത്രി ജയിലിൽ കിടന്നതിൽ അന്വേഷണം വേണം. തന്ത്രി എന്ത് കുറ്റം ചെയ്തുവെന്ന് എസ്ഐടി പറയണം. ഹൈകോടതി മേൽനോട്ടത്തിൽ അന്വേഷണം വേണമെന്നും വി. ഡി. സതീശൻ ആവശ്യപ്പെട്ടു.

## മുറിവിൽ കുടുങ്ങിയ ചില്ല്; വിദഗ്ധ സംഘം തെളിവെടുക്കും

ആലപ്പുഴ: ചേർത്തല താലൂക്ക് ആശുപത്രിയിൽ ചികിത്സാ പിഴവെന്ന പരാതിയിൽ വിദഗ്ധ സംഘം ഇന്നു തെളിവെടുക്കും. വാഹനാപകടത്തെത്തുടർന്ന് പരിക്കേറ്റ് ചികിത്സ തേടിയ തുറവൂർ വളമംഗലം മേനോംവീട്ടിൽ രാധാകൃഷ്ണപിള്ളയുടെ കൈയിൽ നിന്നുമാണ് 63 ദിവസത്തിനു ശേഷം അഞ്ചു ചില്ലു കഷ്ണം പുറത്തെടുത്തിരുന്നു.

കഴിഞ്ഞ ഡിസംബർ 16ന് കളവംകോടം പാലത്തിനു സമീപം തെരുവ് നായ വട്ടം ചാടിയതിനെത്തുടർന്നു രാധാകൃഷ്ണപിള്ള സഞ്ചരിച്ച ഓട്ടോ നിയന്ത്രണം വിട്ടുമറിയുകയായിരുന്നു. അപകടത്തിൽ ഓട്ടോയുടെ ചില്ലുകൾ ഇദ്ദേഹത്തിൻറെ കൈയിൽ തറച്ചുകയറിയിരുന്നു.

തുടർന്നു ചേർത്തല ഗവ. ആശുപത്രിയിൽ ചികിത്സ തേടി. എന്നാൽ, അന്നു ഡ്യൂട്ടിയിൽ ഉണ്ടായിരുന്ന ഡോക്ടർ വിശദമായി പരിശോധിക്കാതെ മുറിവിൽ ഡ്രസ് ചെയ്തു വിട്ടെന്നും രാധാകൃഷ്ണ പിള്ള പറഞ്ഞു. രണ്ടു മാസം പിന്നിട്ടിട്ടും മുറിവ് ഉണങ്ങാതെ വരികയും കടുത്ത വേദന ഉണ്ടാകുകയും ചെയ്തതോടെ ചേർത്തലയിലെ സ്വകാര്യാശുപത്രിയിൽ ചികിത്സ തേടി.

തുടർന്ന് മുറിവിൽനിന്ന് അഞ്ചു ചില്ല് കഷ്ണങ്ങൾ പുറത്തെടുത്തു. ഇതോടെ ഡോക്ടർക്കെതിരെ നടപടി ആവശ്യപ്പെട്ട് ആശുപത്രി സൂപ്രണ്ടിനു പരാതി നൽകി. പരാതി ലഭിച്ചിട്ടുണ്ടെന്നും അന്വേഷണത്തിലാണെന്നും മെഡിക്കൽ ഓഫീസർ പറഞ്ഞു. മന്ത്രി വീണാ ജോർജിനും മുഖ്യമന്ത്രി പിണറായി വിജയനും രാധാകൃഷ്ണപിള്ള പരാതി നൽകി. ഇതിനെത്തുടർന്നാണ് വിദഗ്ധസംഘം ഇന്ന് ആശുപത്രിയിൽ എത്തുന്നത്.

## കെ – ടെറ്റ്: മാർച്ച് 7 വരെ അപേക്ഷിക്കാം

അധ്യാപക യോഗ്യത പരീക്ഷ (കെ-ടെറ്റ്) ന് വേണ്ടിയുള്ള വിജ്ഞാപനം പ്രസിദ്ധീകരിച്ചു. https://ktet.kerala.gov.in വെബ് പോർട്ടൽ വഴി ഫെബ്രുവരി 26 മുതൽ മാർച്ച് 7 വരെ അപേക്ഷ ഓൺലൈനായി സമർപ്പിക്കാം. ഓരോ കാറ്റഗറിയിലേയ്ക്കും അപേക്ഷിക്കുവാനുള്ള യോഗ്യതയുടെ വിവരങ്ങൾ അടങ്ങിയ വിജ്ഞാപനം, ഓൺലൈൻ രജിസ്ട്രേഷൻ നടത്തുന്നതിനുള്ള വിശദമായ മാർഗ്ഗനിർദ്ദേശങ്ങൾ എന്നിവ https://ktet.kerala.gov.in,https://pareekshabhavan.kerala.gov.in എന്നീ വെബ്സൈറ്റുകളിൽ ലഭ്യമാണ്.

## ദമ്പതികൾ വീടിനുള്ളിൽ മരിച്ച നിലയിൽ; അന്വേഷണം ആരംഭിച്ച് പോലീസ്

ലക്നോ: ഉത്തർപ്രദേശിലെ ഫത്തേപൂരിൽ ദമ്പതികളെ വീടിനുള്ളിൽ മരിച്ച നിലയിൽ കണ്ടെത്തി. ബിന്ദ്കി സ്വദേശികളായ അമർജീത് കുശ്വാഹ (30), ഭാര്യ രേഖ സോങ്കർ (25) എന്നിവരെയാണ് മരിച്ച നിലയിൽ കണ്ടെത്തിയത്. ഇരുവരെയും ജീവനൊടുക്കിയതാണെന്നാണ് സൂചന. വ്യാഴാഴ്ച പുലർച്ചെയാണ് അമർജീതിനെ ശുചിമുറിയിൽ തൂങ്ങിമരിച്ച നിലയിൽ കണ്ടെത്തിയത്. തുടർന്ന് രേഖ പോലീസിൽ വിവരമറിയിച്ചു. എന്നാൽ വീട്ടിലെത്തിയ പോലീസ് ഇരുവരുടെയും മൃതദേഹമാണ് കണ്ടെത്തിയത്. ശുചിമുറിയുടെ വാതിൽ തകർത്ത് അകത്തു കയറി അമർജീതിൻറെ മൃതദേഹം താഴെയിറക്കിയ പോലീസ്, മറ്റൊരു മുറിയിൽ രേഖയെയും തൂങ്ങിയ നിലയിൽ കണ്ടെത്തുകയായിരുന്നു. രണ്ട് മൃതദേഹങ്ങളും പോസ്റ്റ്മോർട്ടത്തിനായി അയച്ചിട്ടുണ്ട്. അഞ്ച് മാസം മുമ്പാണ് ഇവർ പ്രണയിച്ച് വിവാഹം കഴിച്ചത്. മിശ്രവിവാഹമായതിനാൽ രണ്ട് കുടുംബങ്ങളും എതിർത്തിരുന്നു. വിവാഹത്തിന് ശേഷം രണ്ട് കുടുംബങ്ങളും ഇരുവരുമായുള്ള ബന്ധം പുർണമായും ഉപേക്ഷിച്ചിരുന്നു. കാൺപൂരിൽ താമസിച്ച ഇവർ ജനുവരി മുതലാണ് ബിന്ദ്കിയിലെ വാടകവീട്ടിലേക്ക് താമസം മാറിയത്. കുടുംബാംഗങ്ങളുടെയും അയൽക്കാരുടെയും മൊഴികൾ രേഖപ്പെടുത്തി വരികയാണെന്നും അന്വേഷണത്തിന് ശേഷം കൂടുതൽ നടപടികൾ സ്വീകരിക്കുമെന്നും പോലീസ് പറഞ്ഞു.

Edited, Printed, Published & owned by Yesudas William,`Darpan', T.C 76/189 (1), Thoppil Lane, Anayara P.O, Thiruvananthapuram-29. Printed at Prabhatha Vartha Printers, TC. 21/1921, ERA-S-35, Elankam Lane, Nedumcadu. Karamana P.O,Tvpm-695002. e-mail: nauticaltimeskerala@gmail.com, Phone: 0471-2742840, 9446345353.

# ആറ്റുകാൽ പൊങ്കാല: മുന്നൊരുക്കങ്ങൾ കാര്യക്ഷമമാണെന്ന് മുഖ്യമന്ത്രി

## മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ അവലോകന യോഗം ചേർന്നു

ആറ്റുകാൽ പൊങ്കാല മഹോത്സവവുമായി ബന്ധപ്പെട്ട സർക്കാർ മുന്നൊരുക്കങ്ങൾ കാര്യക്ഷമമായി നടക്കുന്നതായി മുഖ്യമന്ത്രി പിണറായി വിജയൻ. മുൻപ് വിവിധ ഘട്ടങ്ങളിലായി നടന്ന യോഗങ്ങളുടെ അടിസ്ഥാനത്തിൽ വിവിധ വകുപ്പുകൾ ഏകോപിതമായ ഇടപെടലുകൾ നടത്തിയിട്ടുണ്ട്. മുൻവർഷങ്ങളിലേതുപോലെ ഇത്തവണയും പൊങ്കാല ഏറ്റവും ഭംഗിയായി നടത്താൻ സാധിക്കും. ആറ്റുകാൽ പെങ്കാലയുമായി ബന്ധപ്പെട്ട് വിവിധ വകുപ്പുകളുടെ പ്രവർത്തനങ്ങൾ അവലോകനം ചെയ്യാൻ ആറ്റുകാൽ ക്ഷേത്രം ദേവി ആഡിറ്റോറിയത്തിൽ ചേർന്ന യോഗത്തിൽ സംസാരിക്കുകയായിരുന്നു മുഖ്യമന്ത്രി.



ആറ്റുകാൽ പെങ്കാലയുടെ മുന്നൊരുക്ക അവലോകന യോഗത്തിൽ മുഖ്യമന്ത്രി പിണറായി വിജയൻ സംസാരിക്കുന്നു

ആറ്റുകാൽ ഉത്സവത്തിന്റെ വരും ദിവസങ്ങളിലും ബന്ധപ്പെട്ട എല്ലാവരുടെയും പൂർണ്ണ സഹകരണവും അതീവ ശ്രദ്ധയും ഉറപ്പാക്കണം. ഇത്തവണയും വൻ ജനത്തിരക്ക് പ്രതീക്ഷിക്കപ്പെടുന്നതിനാൽ പോലീസിന്റെ ഭാഗത്ത് നിന്നും ജാഗ്രത വേണം. പ്രദേശവാസികൾക്ക് ഉണ്ടാകുന്ന ബുദ്ധിമുട്ടുകൾ കഴിവതും കുറയ്ക്കുന്ന രീതിയിൽ ക്രമീകരണങ്ങൾ നടത്തണം.

പൊങ്കാലയ്ക്കായി എത്തുന്ന ഭക്തജനങ്ങൾക്ക് യാതൊരു വിധ ബുദ്ധിമുട്ടുകളും ഉണ്ടാകരുതെന്നും ആവശ്യമായ എല്ലാ സൗകര്യങ്ങളും മികച്ച രീതിയിൽ ഒരുക്കണമെന്നും മുഖ്യമന്ത്രി ഉദ്യോഗസ്ഥരോട് നിർദ്ദേശിച്ചു.

ആരോഗ്യ വകുപ്പിന്റെ നേതൃത്വത്തിൽ ഫെബ്രുവരി 23 മുതൽ മാർച്ച് 4 വരെ മെഡിക്കൽ ടീമുകൾ പ്രവർത്തിക്കും. 10 ആംബുലൻസുകൾ ക്രമീകരിച്ചിട്ടുണ്ട്. ബൈക്ക് റെസ്പോണ്ടർമാരുടെ സേവനവുമുണ്ട്. അധികമായി ആംബുലൻസുകൾ വേണ്ടി വന്നാൽ സജ്ജമാക്കുന്നതിന് സ്വകാര്യ ആശുപത്രികൾക്ക് ആരോഗ്യ വകുപ്പ് നിർദ്ദേശം നൽകിയിട്ടുണ്ട്.

പെട്ടെന്നുള്ള അപകടങ്ങൾ നേരിടുന്നതിന് അധിക സൗകര്യങ്ങൾ ഒരുക്കാൻ മെഡിക്കൽ കോളേജ് അധികൃതർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. കുത്തിയോട്ടത്തിൽ പങ്കെടുക്കുന്ന കുട്ടികൾക്കായി പീഡിയാട്രിഷ്യന്റെ സേവനവും ഉറപ്പാക്കിയിട്ടുണ്ട്. അടിയന്തര സാഹചര്യങ്ങൾ നേരിടാൻ സർക്കാർ, സ്വകാര്യ ആശുപത്രികളിൽ 10 കിടക്കകൾ വീതം മാറ്റിവെക്കുകയും ക്ഷേത്ര പരിസരത്തും നഗരത്തിലുമായി 12 ഹീറ്റ് ക്ലിനിക്കുകൾ തുറക്കുകയും ചെയ്തു. ഭക്ഷ്യസുരക്ഷാ വകുപ്പിന്റെ നേതൃത്വത്തിൽ 23 മുതൽ പ്രത്യേക സ്ക്വാഡുകളും സഞ്ചരിക്കുന്ന മൊബൈൽ ലാബും പരിശോധനകൾ നടത്തും.

ഭക്തജനങ്ങളുടെ സുരക്ഷയ്ക്കായി നാല് സോണുകളിലായി 5855 പോലീസ് ഉദ്യോഗസ്ഥരെ നിയോഗിച്ചു. ഇതിൽ കൂടുതലും വനിതാ പോലീസുകാരാണ്. തിരക്ക് നിയന്ത്രിക്കാൻ ഡ്രോൺ നിരീക്ഷണം, പുതുതായി സ്ഥാപിച്ച 83 സിസിടിവി ക്യാമറകൾ, അഞ്ച് വാച്ച് ടവറുകൾ എന്നിവ സജ്ജമാക്കി. വാഹന പാർക്കിംഗിന് ക്യൂആർ കോഡ് സംവിധാനം ഒരുക്കിയതോടൊപ്പം 24 മണിക്കൂർ പ്രവർത്തിക്കുന്ന പോലീസ് കൺട്രോൾ റൂമും ആരംഭിച്ചു. ലഹരി വ്യാപനം തടയാൻ എക്സൈസ് വകുപ്പും പോലീസും ചേർന്ന് പ്രത്യേക പരിശോധനകൾ നടത്തും.

യാത്രാസൗകര്യത്തിനായി കെ.എസ്.ആർ.ടി.സി 700 പ്രത്യേക ബസുകളും ബഡ്ജറ്റ് ടൂറിസത്തിന്റെ ഭാഗമായി 250 ബസുകളും സർവീസ് നടത്തും. ചെറിയ ഇലക്ട്രിക് ബസുകൾ ഉപയോഗിച്ച് ചെയിൻ സർവീസുകളും ഏർപ്പെടുത്തിയിട്ടുണ്ട്. റെയിൽവേ പ്രത്യേക ട്രെയിനുകളും അധിക സ്റ്റോപ്പുകളും അനുവദിച്ചു.

പൊതുമരാമത്ത് വകുപ്പിന്റെ നേതൃത്വത്തിൽ ക്ഷേത്ര പരിസരത്തെ റോഡുകളിലും കാനകളിലും അറ്റകുറ്റപ്പണികൾ പൂർത്തിയാക്കി. ജല അതോറിറ്റി 1550 താൽക്കാലിക കുടിവെള്ള ടാപ്പുകളും 50 ഷവറുകളും സ്ഥാപിക്കും. കെ.എസ്.ഇ.ബി 250 ട്രാൻസ്ഫോർമറുകളുടെ അറ്റകുറ്റപ്പണികൾ പൂർത്തിയാക്കി ക്ഷേത്ര പരിസരത്ത് 24 മണിക്കൂർ കൺട്രോൾ റൂമും തുറന്നു.

തിരുവനന്തപുരം നഗരസഭയുടെ നേതൃത്വത്തിൽ ശുചീകരണ പ്രവർത്തനങ്ങൾക്ക് 2,610 തൊഴിലാളികളെ നിയോഗിച്ചു. മാലിന്യം നീക്കം ചെയ്യാൻ 200 ടിപ്പർ ലോറികളും കുടിവെള്ള വിതരണത്തിനായി 40 ടാങ്കർ ലോറികളും സജ്ജമാക്കി. ഗ്രീൻ പ്രോട്ടോക്കോൾ കർശനമായി പാലിക്കുന്നതിനായി പ്ലാസ്റ്റിക് ഒഴിവാക്കി 'ഹരിത പൊങ്കാല കിറ്റ്' ശുചിത്വ മിഷൻ നടപ്പിലാക്കുന്നു. സ്ത്രീകൾക്കായി പ്രത്യേക മൊബൈൽ ടോയ്‌ലറ്റുകളും ഒരുക്കിയിട്ടുണ്ട്. ഫയർ ആൻഡ് റെസ്ക്യൂ വകുപ്പ് 51 വാഹനങ്ങളും ഉദ്യോഗസ്ഥരെയും സജ്ജമാക്കി. ശബ്ദ, വായു മലിനീകരണം നിരീക്ഷിക്കാൻ മലിനീകരണ നിയന്ത്രണ ബോർഡ് നാല് സ്റ്റേഷനുകളിലായി പ്രത്യേക സംവിധാനങ്ങൾ ഏർപ്പെടുത്തി.

പൊങ്കാല ദിവസം ചന്ദ്രഗ്രഹണവുമായി ബന്ധപ്പെട്ട് ക്ഷേത്രദർശനത്തിന് ഉച്ചയ്ക്ക് 1.30 മുതൽ വൈകീട്ട് 7 മണി വരെ നിയന്ത്രണങ്ങൾ ഉണ്ടായിരിക്കുന്നതിനാൽ ഭക്തർക്ക് ബുദ്ധിമുട്ട് ഒഴിവാക്കാൻ ക്ഷേത്ര ഭരണ സമിതിയും പോലീസും നടപടികൾ സ്വീകരിക്കും. ആറ്റുകാൽ പൊങ്കല ദിവസം തിരുവനന്തപുരം ജില്ലയ്ക്ക് അവധി നൽകുമെന്നും, മാർച്ച് 2 ന് ആറ് മണി മുതൽ 3ന് വൈകിട്ട് ആറ് മണി വരെ ഡ്രൈ ഡേ കർക്കശമായി നടപ്പാക്കുമെന്നും ജില്ലാ കളക്ടർ അറിയിച്ചു. ആറ്റുകാൽ പൊങ്കാല ഉത്സവത്തിന്റെ നോഡൽ ഓഫീസറായി സബ് കളക്ടർ ഒ വി ആൽഫ്രെഡിനെ ചുമതലപ്പെടുത്തി.

മന്ത്രിമാരായ വി. എൻ. വാസവൻ, വി ശിവൻകുട്ടി, മേയർ വി വി രാജേഷ്, ജില്ലാ കളക്ടർ അനുകുമാരി തുടങ്ങിയവർ യോഗത്തിൽ പങ്കെടുത്തു.

### മയോണൈസിൽ ചത്ത പല്ലി; പരാതിപ്പെട്ടെങ്കിലും നടപടിയില്ല

കൊച്ചി: ഇടപ്പള്ളിയിലെ ഹോട്ടലിലെ ഭക്ഷണത്തിൽ ചത്ത പല്ലി. മന്തിക്കൊപ്പം കിട്ടിയ മയോണൈസിലാണ് ചത്ത പല്ലിയെ കണ്ടത്. ഫോട്ടോഗ്രാഫറും വ്‌ളോഗറുമായ ജിഷ്ണു പ്രകാശിനാണ് ഭക്ഷണത്തിനൊപ്പം ചത്ത പല്ലിയെ കിട്ടിയത്. ഭക്ഷണത്തിൻ്റെ വീഡിയോ പങ്കുവച്ചു കൊണ്ടാണ് ജിഷ്ണു ഇക്കാര്യം വ്യക്തമാക്കിയത്. ഭാര്യക്കൊപ്പം ഭക്ഷണം കഴിക്കാൻ പോയപ്പോഴാണ് പല്ലിയെ കിട്ടിയത്. പല്ലിയെ കിട്ടിയപ്പോൾ തന്നെ വെയിറ്ററെ വിളിച്ച് അറിയിച്ചു. മയോണൈസ് ഉണ്ടാക്കിയ ആളെ പറഞ്ഞു വിടുന്നതടക്കമുള്ള നടപടി സ്വീകരിക്കും എന്നാണ് പറഞ്ഞത്. ഇതുമായി ബന്ധപ്പെട്ട് ഒരാളും ചോദിക്കാൻ വരാത്തതിനാൽ ഫുഡ് ഇൻസ്പെക്ടറെ വിളിച്ചു പറഞ്ഞു. എന്നാൽ, ഉടനെ നടപടി എടുക്കാൻ പറ്റില്ലെന്നും ഫോട്ടോയും വീഡിയോയും അയച്ചു കൊടുത്താൽ മതിയെന്നും പെട്ടെന്ന് എത്തിച്ചേരാനാവില്ലെന്നുമാണ് ഫുഡ് ഇൻസ്പെക്ടർ പറഞ്ഞതെന്നാണ് ജിഷ്ണു പറയുന്നത്. ഫോട്ടോയും വീഡിയോയും അയച്ചുകൊടുത്തിട്ടും സംഭവത്തിൽ ഇതുവരെ നടപടിയൊന്നും എടുത്തില്ലെന്നും ജിഷ്ണു പറയുന്നു. കൂടുതൽ പരാതിയുമായി മുന്നോട്ടുപോകാനുള്ള തയാറെടുപ്പിലാണ് ജിഷ്ണു.

### എൻറെ ഊർജവും ഇന്ധനവും നിങ്ങൾ; വികാരാധീനനായി വി. ഡി. സതീശൻ

കൊച്ചി: പുതുയുഗ യാത്രയുടെ വടക്കൻ പറവൂരിലെ സ്വീകരണത്തിൽ വിതുമ്പി പ്രതിപക്ഷ നേതാവ് വി. ഡി. സതീശൻ. കഴിഞ്ഞ കാൽ നൂറ്റാണ്ടുകാലമായി തൻ്റെ രാഷ്ട്രീയ ജീവിതത്തിന് കരുത്തും ഇന്ധനവും നൽകുന്നത് പറവൂരിലെ ജനങ്ങളാണെന്ന് അദ്ദേഹം പറഞ്ഞു.

സ്വീകരണ വേദിയിലെത്തിയപ്പോൾ വികാരം അടക്കിപ്പിടിക്കാൻ താൻ ഏറെ പാടുപെട്ടുവെന്നും അദ്ദേഹം കൂട്ടിച്ചേർത്തു. താൻ രാഷ്ട്രീയത്തിൽ ഒന്നുമല്ലാതിരുന്ന കാലം മുതൽ തന്നെ ഒരു കുടുംബാംഗത്തെപ്പോലെ വാത്സല്യത്തോടെ ചേർത്തുപിടിച്ചവരാണ് പറവൂരിലെ ജനങ്ങളെന്ന് അദ്ദേഹം ഓർത്തെടുത്തു. എവിടെ പോയാലും ഞാൻ കരയ്ക്ക് പിടിച്ചിട്ട മീനിനെപ്പോലെയാണ്. എനിക്ക് അവസാനം ഇവിടെ എത്തണം നിങ്ങളുടെ സ്നേഹത്തിൻ്റെ വാത്സല്യത്തിൻ്റെ തണലിൽ വളർന്നു വന്ന ഒരാളാണ് താനെന്നും വി. ഡി. സതീശൻ പറഞ്ഞു.

### ഡൽഹിയിൽ അമിതവേഗത്തിൽ വന്ന കാർ ഇടിച്ച് യുവാവ് മരിച്ചു

ന്യൂഡൽഹി: സുഭാഷ് നഗർ മെട്രോ സ്റ്റേഷന് സമീപം അമിതവേഗത്തിൽ വന്ന കാർ ഇടിച്ച് യുവാവ് മരിച്ചു. ഹേം ഷക്കർ (25) എന്ന യുവാവ് ആണ് മരിച്ചത്. ഇന്ന് പുലർച്ചെ മൂന്നരയോടെയാണ് സംഭവം. നജഫ്ഗഢ് സ്വദേശി മോഹിത് കുമാർ (27) ഓടിച്ച കാറാണ് സ്കൂട്ടറിൽ സഞ്ചരിക്കുകയായിരുന്ന ഹേം ഷക്കറിന് ഇടിച്ച് തെറിപ്പിച്ചത്. അമിതവേഗത്തിൽ വന്ന കാർ ഹേം ഷക്കറിൻ്റെ സ്കൂട്ടറിൻ്റെ പിന്നിൽ ഇടിക്കുകയായിരുന്നു. യുവാവിനെ ഉടൻ തന്നെ ആശുപത്രിയിൽ എത്തിച്ചെങ്കിലും ജീവൻ രക്ഷിക്കാനായില്ല. മോഹിതിനെ പിന്നീട് അറസ്റ്റ് ചെയ്തു. മോഹിതിൻ്റെ കാറും പോലീസ് കസ്റ്റഡിയിലെടുത്തു.

